# സീറോമലബാർസഭയുടെ പൊന്തിഫിക്കൽ ക്രമം



Commission for Liturgy

## കാറോയ, ഹെവുപ്പദ്യാക്ക്ന
## മ്ശംശാന
## എന്നീ പട്ടങ്ങളുടെ ക്രമം

© All Rights reserved to the
Syro-Malabar Bishops' Synod

Commission for Liturgy

*Imprimatur*

**Mount St. Thomas**
15-08-2007

**Varkey Cardinal Vithayathil, C.Ss.R**
*Major Archbishop of the Syro-Malabar Church*

Thamarassery
15-08-2007

**Mar Paul Chittilapilly**
*Bishop of Thamarassery*
*Chairman, Syro-Malabar*
*Synodal Commission for Liturgy*

Published by

Secretariat, Commission for Liturgy
Major Archiepiscopal Curia
Mount St. Thomas, P.B. No. 3110
Kakkanad P.O., Kochi - 682 030
Phone: 0484-2424780/2424768/2426235

Printed at

Alwaye Press, Aluva 683 101
Phone: 0484-2623318

# DECREE

After due consultation and deliberation in the concerned forums and with the approval of the Synod of Bishops of the Syro-Malabar Church in its sessions held from 3rd to 15th November 2003, from 22nd August to 3rd September 2005 and from 9th to 21st January 2006 and after having obtained the *Recognitio* of the Congregation for the Oriental Churches on 20th March 2007, the undersigned Varkey Cardinal Vithayathil, the Major Archbishop of the Syro-Malabar Church hereby promulgates the Pontifical Rites, namely, Rite of Ordination of *Karoya, Heupdiakna, M'samsana*, Rite of Priestly Ordination, Rite of Episcopal Ordination, Rite of Installation of Archbishop/ Bishop, Rite of Installation of Major Archbishop and Rite of Blessing of the Oil, to be effective from 14th September 2007 and with the same Act declares that all other texts hitherto in use for administering the above-mentioned Pontifical Rites stand abrogated from the same date.

All contrary dispositions notwithstanding.

Given at Kakkanad from the Major Archiepiscopal Curia of the Syro-Malabar Church at Mount St. Thomas on 15th August 2007.

**✠ Varkey Cardinal Vithayathil, C.Ss.R.**
Major Archbishop of the Syro-Malabar Chruch

Commission for Liturgy

Commission for Liturgy

# പ്രസ്താവന

സീറോമലബാർസഭയുടെ പൊന്തിഫിക്കൽക്രമം 2007 മാർച്ച് 20ന് റോമിലെ പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള കാര്യാലയം അംഗീകരിച്ചുനല്കി (Prot. No. 248/2004). മേജർ ആർച്ചുബിഷപ്പ് മാർ വർക്കി വിതയത്തിൽ 2007 ആഗസ്റ്റ് 15-ാം തീയതി നല്കിയ ഡിക്രിപ്രകാരം (Prot. No. 635/2007) ഈ പൊന്തിഫിക്കൽക്രമം പ്രസിദ്ധപ്പെടുത്തുന്നു.

പൗരസ്ത്യ സുറിയാനി പാരമ്പര്യമനുസരിച്ച് 9 തിരുപട്ടങ്ങളാണ് പൊന്തിഫിക്കൽ ക്രമത്തിലുള്ളത്. കാറോയ, ഹെവുപ്പദ്യാക്ക്ന, മ്ശംമ്ശാന, പുരോഹിതൻ, ആർച്ചുഡീക്കൻ, കോർഎപ്പിസ്ക്കോപ്പ, മെത്രാൻ, മെത്രാപ്പോലിത്ത, പാത്രിയാർക്കീസ് എന്നീ പട്ടങ്ങളാണ് ഇവ. സീറോമലബാർ സഭയിൽ മുകളിൽ സൂചിപ്പിച്ചവയിൽ രണ്ടു ചെറിയ പട്ടങ്ങളും (കാറോയ, ഹെവുപ്പദ്യാക്ക്ന) മൂന്നു വലിയ പട്ടങ്ങളും (മ്ശംമ്ശാന, പുരോഹിതൻ, മെത്രാൻ) രണ്ട് സ്ഥാനാരോഹണ ശുശ്രൂഷകളുമാണ് (മെത്രാൻ / മെത്രാപ്പോലിത്ത, മേജർ ആർച്ചുബിഷപ്പ്) ഉപയോഗത്തിലുള്ളത്. ആർച്ചുഡീക്കൻ, കോർ എപ്പിസ്ക്കോപ്പ പട്ടങ്ങൾ ഇപ്പോൾ നിലവിലില്ല. മെത്രാപ്പോലീത്തപട്ടക്രമവും മെത്രാൻപട്ടക്രമവും തമ്മിൽ പൊന്തിഫിക്കലിൽ വലിയ വ്യത്യാസമില്ലാത്തതിനാലാണ് മെത്രാപ്പോലീത്തപട്ടക്രമം തിരിച്ചു നല്കാത്തത്. എന്നാൽ ഇവയിൽ വ്യത്യാസമുള്ള ഘടകങ്ങൾ ചേർത്താണ് മെത്രാൻ / മെത്രാപ്പോലീത്തയുടെ സ്ഥാനാരോഹണക്രമം നല്കിയിരിക്കുന്നത്. പാത്രിയാർക്കീസ് പദവി സീറോമലബാർസഭയിൽ ഇപ്പോൾ നിലവില്ലാത്തതിനാലാണ് പാത്രിയാർക്കീസ് പട്ടത്തിനു പകരം മേജർ ആർച്ചുബിഷപ്പിന്റെ സ്ഥാനാരോഹണം നല്കിയിരിക്കുന്നത്. ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന ഈ പൊന്റിഫിക്കലിൽ 5 പട്ടക്രമങ്ങളും രണ്ടു സ്ഥാനാരോഹണശുശ്രൂഷകളും കൂടാതെ അഭിഷേകതൈലത്തിന്റെ (മൂറോന്റെ) കൂദാശക്രമവുമാണ് കൊടുത്തിരിക്കുന്നത്.

വളരെ നാളത്തെ പഠനത്തിനും ചർച്ചകൾക്കും ശേഷമാണ് സീറോമലബാർസഭയുടെ പൊന്തിഫിക്കൽ ക്രമത്തിന് അന്തിമരൂപം നല്കിയത്. സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റി തയ്യാറാക്കിയ ഡ്രാഫ്റ്റിൽ പുരോഹിതപട്ടം കൊടുക്കുന്ന ക്രമം, മെത്രാഭിഷേക

Commission for Liturgy

ശുശ്രൂഷ, മെത്രാന്റെ/ മെത്രാപ്പോലീത്തയുടെ സ്ഥാനാരോഹണം, മേജർ ആർച്ചുബിഷപ്പിന്റെ സ്ഥാനാരോഹണം എന്നിവ 2003 നവംബർ 3 മുതൽ 15 വരെ സമ്മേളിച്ച സിനഡിലും കാറോയ, ഹെവുപ്പദ്യാക്ക്ന, മ്ശംമ്ശാന എന്നീ പട്ടങ്ങൾ കൊടുക്കുന്ന ക്രമം 2005 ആഗസ്റ്റ് 22 മുതൽ സെപ്റ്റംബർ 3 വരെ സമ്മേളിച്ച സിനഡിലും അഭിഷേകതൈലത്തിന്റെ (വിശുദ്ധ മൂറോന്റെ) കൂദാശക്രമം 2006 ജനുവരി 9 മുതൽ 21 വരെ സമ്മേളിച്ച സിനഡിലും ചർച്ചചെയ്ത് ആവശ്യമായ ഭേദഗതികളോടെ അംഗീകരിച്ച്, 2006 മെയ് 6ന് ഔദ്യോഗികാംഗീകാരത്തിനായി റോമിലേക്ക് അയച്ചു.

സിനഡ് അന്തിമരൂപം നല്കുകയും റോം അംഗീകരിക്കുകയും ചെയ്ത കാറോയ, ഹെവുപ്പദ്യാക്ക്ന, മ്ശംമ്ശാന എന്നീ പട്ടങ്ങൾ, പുരോഹിതപട്ടം, മെത്രാഭിഷേകം, മെത്രാന്റെ / മെത്രാപ്പോലീത്തയുടെ സ്ഥാനാരോഹണം, മേജർ ആർച്ചുബിഷപ്പിന്റെ സ്ഥാനാരോഹണം, അഭിഷേകതൈലത്തിന്റെ (വിശുദ്ധ മൂറോന്റെ) കൂദാശ എന്നീ ക്രമങ്ങളാണ് ഇപ്പോൾ പ്രസിദ്ധീകരിക്കുന്നത്. ഇവയിൽ കാറോയ, ഹെവുപ്പദ്യാക്ക്ന, മ്ശംമ്ശാന എന്നീ പട്ടക്രമങ്ങൾ ഈ ഗ്രന്ഥത്തിൽ നല്കുന്നു.

കുർബാനക്രമത്തിൽ നല്കിയിട്ടുള്ള ഐച്ഛികങ്ങൾ ഈ ക്രമങ്ങൾക്കും ബാധകമാണ്. കൂടാതെ, ഈ തിരുക്കർമ്മങ്ങളിൽ നല്കിയിരിക്കുന്ന പ്രത്യേക ഐച്ഛികങ്ങളും കാർമ്മികർക്ക് അവസരോചിതം തിരഞ്ഞെടുക്കാവുന്നതാണ്. 2007 സെപ്റ്റംബർ 14--ാം തീയതി വിശുദ്ധ കുരിശിന്റെ പുകഴ്ച യുടെ തിരുനാൾ ദിനത്തിൽ ഈ ക്രമം പ്രാബല്യത്തിൽ വരത്തക്കവിധം പ്രസിദ്ധീകരിക്കുന്നു.

**✠ മാർ പോൾ ചിറ്റിലപ്പിള്ളി**
ചെയർമാൻ
സീറോമലബാർ ആരാധനക്രമ കമ്മീഷൻ

ആഗസ്റ്റ് 15, 2007

Commission for Liturgy

# ഉള്ളടക്കം


1. കാറോയ .................................................. 13

2. ഹെവുപ്പദ്യാക്ക്ന .................................................. 20

3. മ്ശംശാന .................................................. 24


Commission for Liturgy

# ആമുഖം

## 1. കാറോയപട്ടം

സീറോമലബാർ സഭയിലെ രണ്ടു ചെറുപട്ടങ്ങളിൽ ആദ്യത്തേതാണ് 'കാറോയ'. 'വായനക്കാരൻ' എന്നാണ് ഈ പദത്തിന്റെ അർത്ഥം. ലിറ്റർജിയിൽ പഴയനിയമഗ്രന്ഥത്തിൽനിന്ന് വായിക്കുന്നതിന് ഔദ്യോഗികമായി ചുമതലപ്പെടുത്തുന്ന പട്ടമാണിത്. അതുകൊണ്ടാണ് ഈ കർമ്മത്തിനിടെ പഴയനിയമഗ്രന്ഥം കാർമ്മികൻ അർത്ഥിക്കു നല്കുന്നത്.

കൊത്തീന, സൂനാറ എന്നിവയാണ് കാറോയപട്ടക്കാരന്റെ തിരുവസ്ത്രങ്ങൾ. കൊത്തീന 'പുതിയ മനുഷ്യനെ' ധരിക്കുന്നതിനെയും സൂനാറ 'ശുദ്ധത'യെയും അർത്ഥമാക്കുന്നു.

അർത്ഥിയുടെ മുടി മുറിക്കുന്ന കർമ്മവും ഈ പട്ടക്രമത്തിലുണ്ട്. ഈ കർമ്മം ഐച്ഛികമാണ്. ലോകത്തിന്റെ ദുഷ്പ്രവണതകളോടു വിടപറയുന്നതിന്റെ പ്രതീകമാണിത്.

## 2. ഹെവുപ്പദ്യാക്ക്നപട്ടം

രണ്ടാമത്തെ ചെറുപട്ടമാണ് ഹെവുപ്പദ്യാക്ക്ന. ഡീക്കൻ പട്ടത്തിനു താഴെയുള്ള പട്ടമായതുകൊണ്ട് ഇതിനെ 'സബ് ഡയക്കണേറ്റ്' എന്നും പറയാറുണ്ട്. ദേവാലയത്തിലെ തിരുക്കർമ്മങ്ങളിൽ സഹായിക്കേണ്ട ജോലിയാണ് ഇവരുടേത്. ഇതു സൂചിപ്പിക്കാൻ വേണ്ടി ബലിയർപ്പണത്തിന് ആവശ്യമായ വസ്തുക്കൾ (വീഞ്ഞും വെള്ളവുമുള്ള ചെറുകുപ്പികൾ, മെഴുകുതിരി, കുന്തുരുക്കം, പനിനീർപാത്രം, പുഷ്പങ്ങൾ) ഒരു താലത്തിൽ ഇവർക്കു നല്കുന്നു. കൂടാതെ പ്രാർത്ഥനകളിലെ ഭാഗഭാഗിത്വത്തെ സൂചിപ്പിക്കാൻ സങ്കീർത്തനഗ്രന്ഥവും നല്കുന്നു.

കാറോയപട്ടക്കാരന്റെ തിരുവസ്ത്രങ്ങൾ കൂടാതെ, കഴുത്തിനു ചുറ്റുമായി ഊറാറയും അർത്ഥിക്കു നല്കുന്നു. വിശുദ്ധ കാര്യങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ധരിക്കുന്ന തിരുവസ്ത്രമാണ് ഊറാറ. കാറോയപട്ടത്തിലേതുപോലെ മുടി മുറിയ്ക്കുന്ന കർമ്മം ഇതിലും ഐച്ഛികമാണ്.

Commission for Liturgy

### 3. മ്ശംശാനപട്ടം

സീറോമലബാർസഭയിൽ മൂന്നു ‘വലിയ’ പട്ടങ്ങളാണുള്ളത്. മ്ശംശാന, പുരോഹിതൻ, മെത്രാൻ എന്നിവർക്കുള്ള പട്ടങ്ങളാണവ. ഈ പട്ടങ്ങളിലൂടെ ഏറ്റെടുക്കുന്ന ദൗത്യങ്ങൾ കൂടുതൽ ഗൗരവതരമായതുകൊണ്ടാണ് ഇവയെ ‘വലിയ’ പട്ടങ്ങൾ എന്നു വിളിക്കുന്നത്. ആരാധനക്രമത്തിലെ ചില കർമ്മങ്ങൾ അനുഷ്ഠിക്കാൻ മ്ശംശാനപട്ടം സ്വീകരിച്ചവർക്ക് അനുവാദമുണ്ട്.

വലിയ പട്ടമായതുകൊണ്ട്, ചെറുപട്ടങ്ങളെ അപേക്ഷിച്ച് കൂടുതൽ പ്രാർത്ഥനകൾ ഇതിലുണ്ട്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടത് കൈവയ്പു പ്രാർത്ഥനയാണ്. മ്ശംശാനപട്ടത്തിൽ മുടിമുറിക്കുന്ന കർമ്മം നിർബന്ധമാണ്.

ആരാധനക്രമത്തിൽ ലേഖനം വായിക്കാൻ ഔദ്യോഗികമായി ഭരമേല്ക്കുന്നവർ മ്ശംശാനമാരാണ്. പൗരസ്ത്യ പാരമ്പര്യമനുസരിച്ച് എല്ലാ ആരാധനക്രമശുശ്രൂഷകളിലും മ്ശംശാനന്മാർക്ക് പ്രത്യേക ചുമതലകൾ ഉണ്ട്. വിശുദ്ധ കുർബാനയിൽ കാഴ്ചവസ്തുക്കൾ സമർപ്പിക്കുക, ഒത്തുകല്യാണത്തിന് സഭയുടെ ഔദ്യോഗിക സാക്ഷിയാകുക, സുവിശേഷപ്രസംഗം നടത്തുക, ആശീർവാദങ്ങൾ ഒഴിവാക്കി മരിച്ചവർക്കുവേണ്ടിയുള്ള തിരുക്കർമ്മങ്ങൾ നടത്തുക തുടങ്ങിയവ മ്ശംശാനമാർക്ക് നിർവഹിക്കാവുന്നതാണ്.

ഹെവുപ്പദ്യാക്ക്നപട്ടത്തിൽ കഴുത്തിനു ചുറ്റുമായി ധരിക്കുന്ന ഊറാറ, മ്ശംശാനയുടെ ഇടത്തേ തോളിൽ ഇടുന്ന കർമ്മത്തിലൂടെ വിശുദ്ധ ശുശ്രൂഷാദൗത്യം മെത്രാൻ അർത്ഥിയെ അനുസ്മരിപ്പിക്കുന്നു. കർമ്മത്തിനിടെ മ്ശംശാന ആർച്ചുഡീക്കനാൽ അനുഗതനായി ബലിപീഠത്തിനുചുറ്റും നടക്കുന്നതും ബലിപീഠത്തെ വണങ്ങുന്നതും അദ്ദേഹം മദ്ബഹയിൽ ശുശ്രൂഷചെയ്യാൻ നിയോഗിക്കപ്പെട്ടിരിക്കുന്നുവെന്ന വസ്തുത അനുസ്മരിപ്പിക്കാനാണ്.

Commission for Liturgy

# പൊതുനിർദ്ദേശങ്ങൾ

1. *ഞായറാഴ്ചയോ തിരുനാൾ ദിവസമോ വിശ്വാസികൾക്കു സംബന്ധിക്കുവാൻ സൗകര്യമുള്ള മറ്റൊരു ദിവസമോ പട്ടം നല്കുന്നത് അഭികാമ്യമാണ്.*

2. *ചന്ദനത്തിരി, കർപ്പൂരം, കുരിശോടുകൂടിയ നിലവിളക്ക് എന്നിവ മദ്ബഹയിൽ ഉപയോഗിക്കാവുന്നതാണ്.*

3. *കാറോയ, ഹെവുപ്പദ്യാക്ക്ന, മ്ശംമ്ശാന എന്നീ പട്ടങ്ങളുടെ അവസാനം ഓരോരുത്തർക്കും നല്കുവാനുള്ള പഴയനിയമം, സങ്കീർത്തനങ്ങൾ, ലേഖനം എന്നിവയും, ഹെവുപ്പദ്യാക്ക്നമാർക്ക് നല്കാനുള്ള വലിയ താലവും (വീഞ്ഞും വെള്ളവുമുള്ള ചെറുകുപ്പികൾ, മെഴുകുതിരി, കുന്തുരുക്കം, പനിനീർപാത്രം, പുഷ്പങ്ങൾ എന്നിവയോടുകൂടി) മദ്ബഹയിൽ തയ്യാറാക്കിയിട്ടുള്ള മേശമേൽ സൂക്ഷിച്ചിരിക്കണം. സൗകര്യാർത്ഥം രണ്ടു താലങ്ങൾ ഉള്ളത് നന്നായിരിക്കും.*

4. *തിരുക്കർമ്മത്തെത്തുടർന്ന് കുർബാനയുണ്ടെങ്കിൽ, അതിനാവശ്യമായവയെല്ലാം നേരത്തെ ഒരുക്കിയിരിക്കണം.*

5. *മെത്രാനെ സഹായിക്കുവാൻ തിരുവസ്ത്രങ്ങളണിഞ്ഞ ആർച്ചുഡീക്കനും മറ്റൊരു സഹായവൈദികനും ഉണ്ടായിരിക്കണം. കൈവയ്പു പ്രാർത്ഥനയ്ക്കു മുമ്പ് അർത്ഥികൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ആർച്ചുഡീക്കൻ സമൂഹത്തെ ഉദ്ബോധിപ്പിക്കുന്നു.*

6. *പട്ടം സ്വീകരിക്കാനുള്ളവർ സ്ഥാനവസ്ത്രങ്ങൾ ധരിച്ച്, വൈദികർ, ആർച്ചുഡീക്കൻ, കാർമ്മികൻ എന്നിവരോടൊപ്പം പ്രദക്ഷിണമായി യഥാസ്ഥാനങ്ങളിൽ വന്നുനില്ക്കുന്നു. പ്രദക്ഷിണത്തിൽ താഴെക്കാണുന്ന ക്രമം പാലിക്കുന്നു. സ്ലീവ, ധൂപക്കുറ്റി, സുവിശേഷഗ്രന്ഥം, തിരികൾ എന്നിവ വഹിക്കുന്നവർ, തുടർന്ന്, വൈദികർ, പട്ടം സ്വീകരിക്കാനുള്ളവർ, സഹായവൈദികൻ, ആർച്ചുഡീക്കൻ, കാർമ്മികൻ.*

*(അല്ലെങ്കിൽ)*

Commission for Liturgy

*പട്ടം സ്വീകരിക്കാനുള്ളവർ സ്ഥാനവസ്ത്രങ്ങൾ ധരിച്ച്, വൈദികരോടൊപ്പം ദൈവാലയത്തിൽ പ്രവേശിച്ച് അവരവർക്കു നിശ്ചയിച്ചിരിക്കുന്ന സ്ഥാനങ്ങളിൽ വന്നുനില്ക്കുന്നു. പ്രദക്ഷിണത്തിന്റെ മുമ്പിൽ കുരിശുവഹിക്കുന്ന സഹായിയും തിരികൾ വഹിക്കുന്ന രണ്ടു സഹായികളും ഉണ്ടായിരിക്കണം.*

*പട്ടം സ്വീകരിക്കാനുള്ളവരും വൈദികരും യഥാസ്ഥാനങ്ങളിൽ വന്നുകഴിയുമ്പോൾ, കാർമ്മികനും ആർച്ചുഡീക്കനും സഹായവൈദികനും ശുശ്രൂഷികളും സഹായികളും തിരുവസ്ത്രങ്ങളണിഞ്ഞ് പ്രദക്ഷിണമായി മദ്ബഹയിൽ വന്നുനില്ക്കുന്നു. പ്രദക്ഷിണത്തിൽ താഴെക്കാണുന്ന ക്രമം പാലിക്കുന്നു: സ്ലീവ, ധൂപക്കുറ്റി, സുവിശേഷഗ്രന്ഥം, തിരികൾ എന്നിവ വഹിക്കുന്നവർ; തുടർന്ന്, സഹായവൈദികൻ, ആർച്ചുഡീക്കൻ, കാർമ്മികൻ.*

7. *പ്രദക്ഷിണം നടത്തുവാനുള്ള സൗകര്യം കണക്കിലെടുത്ത് ദേവാലയത്തിനു പുറത്ത്, അനുയോജ്യമായ മറ്റൊരു സ്ഥലത്തുവച്ചാണ് അർത്ഥികൾ സ്ഥാനവസ്ത്രങ്ങൾ അണിയുന്നത്. കാറോയപട്ടം സ്വീകരിക്കുന്നവർ കൊത്തീനയും സൂനാറയും കൈത്തണ്ടിൽ വഹിച്ചിരിക്കണം. ഹെവുപ്പദ്യാക്ക്നപട്ടം സ്വീകരിക്കാനുള്ളവർ കാറോയയുടെ സ്ഥാനവസ്ത്രങ്ങൾ ധരിച്ചിരിക്കുന്നതു കൂടാതെ, കൈത്തണ്ടിൽ ഊറാറയും കെറിയാനപ്പുസ്തകവും വഹിക്കണം. മ്ശംമ്ശാനപട്ടം സ്വീകരിക്കാനുള്ളവർ ഹെവുപ്പദ്യാക്ക്നയുടെ സ്ഥാനവസ്ത്രങ്ങൾ ധരിച്ചിരിക്കേണ്ടതാണ്.*

8. *പട്ടത്തിന്റെ കർമ്മങ്ങൾ കുർബാനയോടു സംയോജിപ്പിച്ചാണ് ക്രമപ്പെടുത്തിയിരിക്കുന്നത്. കുർബാനയർപ്പിക്കുന്നില്ലെങ്കിൽ, മധ്യസ്ഥപ്രാർത്ഥനകളോടും സമാപനാശീർവാദത്തോടുംകൂടി ശുശ്രൂഷ സമാപിപ്പിക്കുന്നു.*

9. *സുവിശേഷവായനയെത്തുടർന്നാണ് പ്രസംഗം. അതിനുശേഷം പട്ടംകൊടുക്കൽ ശുശ്രൂഷയും.*

Commission for Liturgy

10. ഒന്നിലധികം പട്ടങ്ങൾ ഒരുമിച്ചു നല്കേണ്ടിവരുമ്പോൾ, കൈവയ്പുപ്രാർത്ഥനയ്ക്കു തൊട്ടുമുമ്പ് തനിക്കുവേണ്ടി ത്തന്നെ ചൊല്ലുന്ന പ്രാർത്ഥന, മെത്രാൻ പിന്നീടുള്ള പട്ട ങ്ങൾക്ക് ആവർത്തിക്കുന്നില്ല.

11. കാറോയ, ഹെവുപ്പദ്യാക്ക്ന, മ്ശംശാന എന്നീ പട്ടങ്ങൾ ഒരേ അവസരത്തിൽത്തന്നെ നല്കുമ്പോൾ മൂന്നു പട്ടക്രമ ങ്ങളിലും നല്കിയിരിക്കുന്നവയിൽനിന്ന് ഉചിതമായ നാലു വായനകൾ തിരഞ്ഞെടുക്കാവുന്നതാണ്.

12. കാറോയപട്ടമോ ഹെവുപ്പദ്യാക്ക്നപട്ടമോ മാത്രം നല്കു മ്പോൾ കുർബാനക്രമത്തിലെ കാറോസൂസയോടൊപ്പം മ്ശംശാനപട്ടക്രമത്തിൽ പ്രസ്തുത പട്ടങ്ങൾക്കായി നല്കി യിരിക്കുന്ന കാറോസൂസകളും ചൊല്ലേണ്ടതാണ്. (പേജ്.26)

13. വിശുദ്ധ കുർബാനയില്ലാതെ ഈ പട്ടങ്ങൾ നല്കുമ്പോഴും വചനശുശ്രൂഷയും കാറോസൂസയും ഉണ്ടായിരിക്കേണ്ട താണ്.

14. കാറോയ, ഹെവുപ്പദ്യാക്ക്ന പട്ടങ്ങളിൽ മുടിമുറിക്കുന്ന ക്രമം ഐച്ഛികമാണ്.

15. പട്ടക്രമങ്ങളുടെ ആരംഭത്തിൽ നല്കിയിരിക്കുന്ന ആർച്ചു ഡീക്കന്റെ അഭ്യർത്ഥനയും മെത്രാന്റെ പ്രാർത്ഥനയും ഐച്ഛി കമാണ്.

16. ഐച്ഛികമായ ഭാഗങ്ങൾ ഈ ⌐ ⌙ അടയാളംകൊണ്ട് വേർ തിരിച്ചിരിക്കുന്നു.

17. മ്ശംശാനപട്ടത്തിലെ ഓരോ കാനോനയുടെയും ആരംഭ ത്തിൽ അർത്ഥികൾ മുട്ടുകുത്തി ആചാരം ചെയ്ത് എഴു ന്നേല്ക്കുന്നു.

Commission for Liturgy

# കാറോയപട്ടം നല്കുന്ന ക്രമം

*സ്ഥാനചിഹ്നങ്ങൾ ധരിച്ച്, മെത്രാൻ അഴിക്കാലിനു താഴെ വന്നു നില്ക്കുന്നു; പട്ടമേല്ക്കാനുള്ളവർ അവരവരുടെ സ്ഥാനങ്ങളിലും.*

ആർച്ചു : ഡീക്കൻ അഭിവന്ദ്യപിതാവേ, അങ്ങയുടെ മുമ്പിൽ നില്ക്കുന്ന *(പേര്)* കാറോയപട്ടം നല്കി സഭയിലെ ശുശ്രൂഷയ്ക്കായി നിയോഗിക്കണമെന്ന് അങ്ങയോടു ഞാൻ അഭ്യർത്ഥിക്കുന്നു.

മെത്രാൻ : നമ്മുടെ കർത്താവീശോമിശിഹാ ഈ ദാസനെ (ദാസന്മാരെ) അനുഗ്രഹിക്കട്ടെ.

സമൂ. : ആമ്മേൻ.

*തുടർന്ന് പട്ടമേല്ക്കാനുള്ളവർ മെത്രാനെ സമീപിക്കുന്നു. അദ്ദേഹം അംശവടി ശുശ്രൂ ഷിയെ ഏല്പിച്ചതിനുശേഷം തിരുക്കർമ്മങ്ങൾ ആരംഭിക്കുന്നു.*

*താഴെക്കാണുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ട് പട്ടം സ്വീകരിക്കുന്നവരുടെ മുടി മുറിക്കുന്നു.*

മെത്രാൻ : നിന്നിലുള്ള പാപഭാരം മുഴുവൻ മിശിഹാ നീക്കിക്കളയട്ടെ.

അർത്ഥി : ആമ്മേൻ.

***അർത്ഥിയെ കൊത്തീന ധരിപ്പിക്കുമ്പോൾ ചൊല്ലുന്നു.***

മെത്രാൻ : മിശിഹായുടെ കൃപയാൽ സത്യജ്ഞാനം വഴി നവീകരിക്കപ്പെട്ട പുതിയ മനുഷ്യനെ നമ്മുടെ ദൈവമായ കർത്താവ് നിന്നിൽ നിവേശിപ്പിക്കട്ടെ.

അർത്ഥി : ആമ്മേൻ.

***സൂനാറ ധരിപ്പിക്കുമ്പോൾ ചൊല്ലുന്നു.***

മെത്രാൻ : കർത്താവായ ദൈവമേ, പൂർണ്ണവിശുദ്ധിയോടുകൂടി നിന്റെ ശുശ്രൂഷയിൽ എന്നും നിലനില്ക്കുവാൻ ശുദ്ധതയാകുന്നകെട്ടുകൊണ്ട് ഈ ദാസനെ ബന്ധിക്കണമേ.

Commission for Liturgy

അർത്ഥി : ആമ്മേൻ.

*തുടർന്ന് മെത്രാൻ വചനവേദിയിൽ പ്രവേശിക്കുന്നു. മുടി മാറ്റുന്നു.*

മെത്രാൻ : അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

സമൂ : ആമ്മേൻ.

മെത്രാൻ : ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

സമൂ : ആമ്മേൻ.

മെത്രാൻ : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, *(സമൂഹവും ചേർന്ന്ചൊല്ലുന്നു)...*

ശുശ്രൂ. : നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.

മെത്രാൻ : ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ അനന്തകാരുണ്യത്താൽ ബലഹീനരായ ഞങ്ങളെ ശക്തരാക്കണമേ. അധഃപതിച്ചുപോയ ഞങ്ങളെ അങ്ങയുടെ അളവറ്റ കൃപയാൽ സമുദ്ധരിക്കണമേ. ആത്മീയദാനങ്ങൾ പ്രദാനം ചെയ്യുന്ന ദിവ്യരഹസ്യങ്ങൾ പരമാർത്ഥഹൃദയത്തോടും നിർമ്മലമനസ്സാക്ഷിയോടുംകൂടി പരികർമ്മം ചെയ്യുന്നതിനും നീതിയുടെ പ്രവൃത്തികളാൽ അവയെ പൂർണ്ണമാക്കുന്നതിനും അങ്ങയുടെ കാരുണ്യാതിരേകത്താൽ ഞങ്ങളെ യോഗ്യരാക്കണമേ. ആധ്യാത്മികവരങ്ങളുടെ ദാതാവും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ : ആമ്മേൻ.

*(അല്ലെങ്കിൽ)*

മെത്രാൻ : ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, അങ്ങയുടെ കൃപയാൽ ഞങ്ങളെ ഭരമേല്പിച്ചിരിക്കുന്നതും പൗരോഹിത്യത്തിന്റെ പദവികൾ പ്രദാനം ചെയ്യുന്നതുമായ ഈ ആധ്യാത്മികകർമ്മം, അങ്ങയുടെ ശക്തി

Commission for Liturgy

യാൽ, ബലഹീനരായ ഞങ്ങളുടെ കരങ്ങളിലൂടെ നിർവ ഹിക്കപ്പെടുകയും നിസ്സാരരായ ഞങ്ങൾവഴി പരിപൂർണ്ണ മാക്കപ്പെടുകയും ചെയ്യട്ടെ. ആധ്യാത്മികവരങ്ങളുടെ ദാതാവും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. : ആമ്മേൻ.

**മർമ്മീസ: സങ്കീർത്തനം 105:1-8**

മെത്രാൻ : കർത്താവിനു കൃതജ്ഞത അർപ്പിക്കുവിൻ; അവി ടുത്തെ നാമം വിളിച്ചപേക്ഷിക്കുവിൻ.

സമൂ : അവിടുത്തെ പ്രവൃത്തികൾ ജനതകളുടെ ഇടയിൽ ഉദ്ഘോഷിക്കുവിൻ.

മെത്രാൻ : അവിടുത്തേക്കു ഗാനമാലപിക്കുവിൻ; സ്തുതിഗീതങ്ങൾ ആലപിക്കുവിൻ.

സമൂ : അവിടുത്തെ അത്ഭുതങ്ങൾ വർണ്ണിക്കുവിൻ; അവി ടുത്തെ വിശുദ്ധനാമത്തിൽ അഭിമാനം കൊള്ളുവിൻ.

മെത്രാൻ : കർത്താവിനെ അന്വേഷിക്കുന്നവരുടെ ഹൃദയം ആഹ്ലാദിക്കട്ടെ.

സമൂ : കർത്താവിനെയും അവിടുത്തെ ബലത്തേയും അന്വേഷിക്കുവിൻ; നിരന്തരം അവിടുത്തെ സാന്നിധ്യം തേടുവിൻ.

മെത്രാൻ : അവിടുന്ന് ചെയ്ത വിസ്മയാവഹങ്ങളായ പ്രവൃത്തി കളെ ഓർക്കുവിൻ.

സമൂ : അവിടുത്തെ അത്ഭുതങ്ങളെയും ന്യായവിധികളെയും തന്നെ.

മെത്രാൻ : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ : ആദിമുതൽ എന്നേക്കും ആമേൻ.

*തുടർന്ന് കുർബാനക്രമത്തിലേതുപോലെ.*

Commission for Liturgy

**ധൂപാശീർവാദം**

**ഉത്ഥാനഗീതം**

**ത്രിശുദ്ധകീർത്തനം**

**സ്ലോസകൾ**

ഒന്നാം വായന : നിയ 6:3-9, 30:10-14

രണ്ടാം വായന : നെഹ 8:1-10, ഏശ 55:10-13

മെത്രാൻ : ഞങ്ങളുടെ കർത്താവായ ദൈവമേ, ...

**പ്രകീർത്തനം**

ലേഖനം : 1കോറി 2:1-5, 2തിമോ 3:14-17

**ഹല്ലേലൂയ്യാഗീതം**

സുവിശേഷം : യോഹ 7:14-18, മത്താ 5:14-19

**സുവിശേഷപ്രസംഗം**

**കാറോസൂസ**

**കാറോയപട്ടം**

ആർച്ചുഡീക്കൻ : സമാധാനം നമ്മോടുകൂടെ.

*മെത്രാൻ മുടി ധരിക്കുന്നു. അനന്തരം അഴിക്കാലിനു സമീപം വന്ന് കൈകൾ യാചനാരൂപത്തിൽ നീട്ടിപ്പിടിച്ചുകൊണ്ട് തനിക്കുവേണ്ടിത്തന്നെ താഴ്ന്ന സ്വരത്തിൽ പ്രാർത്ഥിക്കുന്നു. അപ്പോൾ പട്ടം സ്വീകരിക്കുന്നവർ മുട്ടുകുത്തി നില്ക്കുന്നു.*

മെത്രാൻ : കുറവുകളെ സദാ പരിഹരിക്കുന്ന നമ്മുടെ കർത്താവീശോമിശിഹായുടെ കൃപ പിതാവായ ദൈവത്തിന്റെ സംപ്രീതിയോടും പരിശുദ്ധാത്മാവിന്റെ ശക്തിയോടുംകൂടി എപ്പോഴും നമ്മോടൊത്തുണ്ടായിരിക്കട്ടെ. ഭയഭക്തിജനകവും ഉന്നതവുമായ ഈ ശുശ്രൂഷ, ബലഹീനനായ എന്റെ കരങ്ങൾവഴി നമ്മുടെ രക്ഷയ്ക്കായി പൂർത്തിയാക്കുകയും ചെയ്യട്ടെ. *(മെത്രാൻ തന്റെമേൽത്തന്നെ കുരിശടയാളം വരച്ചുകൊണ്ട്)* ഇപ്പോഴും എപ്പോഴും ✠ എന്നേക്കും.

സമൂ. : ആമ്മേൻ.

Commission for Liturgy

## കൈവയ്പുപ്രാർത്ഥന

ആർച്ചുഡീക്കൻ : സഹോദരരേ, മെത്രാന്റെ കൈവയ്പുവഴി ..... *പേരുകൾ)* എന്നീ സഹോദരന്മാർ കാറോയപട്ടം സ്വീകരിച്ച് തിരുസ്സഭയിൽ വിശുദ്ധ ഗ്രന്ഥപാരായണത്തിന് നിയോഗിക്കപ്പെടുവാൻ പോകുന്നു. എല്ലാ അനുഗ്രഹങ്ങളുടെയും ഉറവിടമായ ദൈവത്തോട് ഇവർക്കു വേണ്ടി നമുക്കു പ്രാർത്ഥിക്കാം.

*അംശവടി പിടിച്ചുകൊണ്ട് മെത്രാൻ പട്ടം സ്വീകരിക്കുന്നവരെ ഒന്നാമത്തെ നടയിൽ കയറ്റിനിറുത്തുന്നു. ആദ്യത്തെയാളിനെ വലതു കൈയിൽ പിടിച്ച് കയറ്റുകയും മറ്റുള്ളവർ അയാളെ അനുഗമിക്കുകയും ചെയ്യുന്നു. അർത്ഥികൾ മുട്ടുകുത്തി ശിരസ്സു നമിക്കുന്നു. അംശവടി തിരികെ ഏല്പിച്ചതിനുശേഷം മെത്രാൻ ഇടതുകൈ യാചനാരൂപത്തിൽ നീട്ടിപ്പിടിച്ചുകൊണ്ടും വലതുകൈ പട്ടം സ്വീകരിക്കുന്ന ആളിന്റെ ശിരസ്സിൽ വച്ചുകൊണ്ടും കൈവയ്പു പ്രാർത്ഥന ചൊല്ലുന്നു. പ്രാർത്ഥനയുടെ അവസാനത്തിൽ "ഇപ്പോഴും എപ്പോഴും എന്നേക്കും" എന്നു ചൊല്ലുമ്പോൾ അവരുടെ ശിരസ്സിൽ കുരിശടയാളം വരയ്ക്കുന്നു. പട്ടം സ്വീകരിക്കുവാൻ ഒന്നിലധികം പേരുണ്ടെങ്കിൽ ഈരണ്ടുപേരുടെ ശിരസ്സിൽ കൈവച്ചുകൊണ്ട് പ്രാർത്ഥിക്കാവുന്നതാണ്. എന്നാൽ ഓരോരുത്തരെയും പ്രത്യേകം അടയാളപ്പെടുത്തേണ്ടതാണ്.*

മെത്രാൻ : കർത്താവേ, ബലവാനും സർവശക്തനുമായ ദൈവമേ, അങ്ങയുടെ കൃപയുടെ സമൃദ്ധിയാൽ ശ്രേഷ്ഠമായ തിരഞ്ഞെടുപ്പുവഴി ഈ ദാസനെ (ദാസരെ) വിശുദ്ധീകരിച്ച് സ്വീകരിക്കണമേ. അങ്ങയുടെ ഏകജാതന്റെ കൃപയാലും അനുഗ്രഹത്താലും ഈ ദാസൻ (ദാസർ)ജീവിതകാലം മുഴുവൻ നിർമ്മലനാ(രാ)യി സംരക്ഷിക്കപ്പെടട്ടെ. അങ്ങയുടെ പരിശുദ്ധ സഭയിൽ, തിരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ മുമ്പാകെ ദൈവവചനം വായിക്കുന്നതിനു ഭരമേല്പിക്കപ്പെടുവാൻ തക്കവണ്ണം അങ്ങയുടെ കാരുണ്യത്താൽ ഈ ആളെ (ഇവരെ) യോഗ്യനാ(രാ)ക്കണമേ. അങ്ങേക്കും അങ്ങയുടെ പ്രിയപുത്രനും പരിശുദ്ധാത്മാവിനും സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും ഞങ്ങൾ സമർപ്പിക്കുന്നു. *(അർത്ഥിയുടെ ശിരസ്സിൽ*

Commission for Liturgy

*കുരിശടയാളം വരച്ചുകൊണ്ട്)* ഇപ്പോഴും എപ്പോഴും ✠ എന്നേക്കും.

സമൂ : ആമ്മേൻ.

***ഊറാറയും കെറിയാനപുസ്തകവും നല്കുന്നു***

*ആർച്ചുഡീക്കൻ, മടക്കിയ ഊറാറ മെത്രാന്റെ കൈയിൽ കൊടുക്കുന്നു; പട്ടം സ്വീകരിച്ചവരുടെ നീട്ടിപ്പിടിച്ച കൈകളിൽ മെത്രാൻ ഊറാറ വിടർത്തിയിടുന്നു. തുടർന്ന് കെറിയാന പുസ്തകം നല്കിക്കൊണ്ട് ചൊല്ലുന്നു.*

മെത്രാൻ : നിയമവും പ്രവാചകഗ്രന്ഥങ്ങളുംവഴി മിശിഹായെപ്പറ്റിയുള്ള വിശിഷ്ട ജ്ഞാനത്തിലേക്ക് ദൈവജനത്തെ ആനയിക്കുവാൻ നിനക്ക് (നിങ്ങൾക്ക്) ഇടയാകട്ടെ.

സമൂ. : ആമ്മേൻ.

*'നമുക്കു തലകുനിച്ച് ആശീർവാദം സ്വീകരിക്കാം' എന്ന ശുശ്രൂഷിയുടെ അഭ്യർത്ഥനയോടുകൂടി കുർബാന തുടരുന്നു.*

## ഹെവുപ്പദ്യാക്ക്നപട്ടം

*ഹെവുപ്പദ്യാക്ക്നപട്ടം സ്വീകരിക്കുന്നവർ "കാറോയ"യുടെ വസ്ത്രങ്ങൾ ധരിച്ച്, കൈത്തണ്ടിൽ ഊറാറയും കെറിയാനപുസ്തകവും പിടിച്ച് അഴിക്കാലിനു താഴെ വന്നുനില്ക്കുന്നു. മെത്രാൻ മദ്ബഹയിൽ പ്രവേശിച്ചുകഴിഞ്ഞതിനുശേഷം ആർച്ചുഡീക്കൻ മെത്രാനോട് പട്ടം നല്കണമെന്ന് അഭ്യർത്ഥിക്കുന്നു. തുടർന്ന് കാറോയപട്ടത്തിൽ പറഞ്ഞിട്ടുള്ളതുപോലെ, "നിന്നിലുള്ള പാപഭാരം..." എന്നു ചൊല്ലിക്കൊണ്ട് മെത്രാൻ അവരുടെ മുടി മുറിക്കുന്നു. അനന്തരം, കാറോയപട്ടശുശ്രൂഷയിൽ പറഞ്ഞിരിക്കുന്നതുപോലെ തന്നെ മെത്രാൻ വചനവേദിയിൽ പ്രവേശിച്ച് "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി, സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..."തുടങ്ങിയവ ചൊല്ലുന്നു.*

ഒന്നാം വായന : ഉത്പ 14:18-20, പുറ 16:2-15

രണ്ടാം വായന : സുഭാ 9:1-6

മെത്രാൻ : ഞങ്ങളുടെ കർത്താവായ ദൈവമേ, ...

Commission for Liturgy

### പ്രകീർത്തനം

ലേഖനം : നട 2:43-47, 1കോറി 10:16-17

### ഹല്ലേലൂയ്യാഗീതം

സുവിശേഷം : ലൂക്കാ 9:10-17,ലൂക്കാ 24:13-35

### സുവിശേഷപ്രസംഗം

## കാറോസൂസ

*കാറോയപട്ടം നല്കിക്കഴിഞ്ഞ് ഉടനെയാണ് ഹെവുപദ്യാക്ക്നപട്ടം നല്കുന്നതെങ്കിൽ കൈവയ്പുപ്രാർത്ഥനവരെയുള്ള ഭാഗങ്ങൾ ആവർത്തിക്കുന്നില്ല. മെത്രാൻ മുടി ധരിക്കുന്നു.*

## കൈവയ്പുപ്രാർത്ഥന

ആർച്ചു സഹോദരരേ, മെത്രാന്റെ കൈവയ്പുപ്രാർത്ഥനവഴി

ഡീക്കൻ : *.. (പേരുകൾ)* എന്നീ സഹോദരന്മാർ ഹെവുപ്പദ്യാക്ക്ന പട്ടം സ്വീകരിച്ച് തിരുസ്സഭയിൽ ദേവാലയശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെടുവാൻപോകുന്നു. എല്ലാ അനുഗ്രഹങ്ങളുടെയും ഉറവിടമായ ദൈവത്തോട് ഇവർക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം.

*അംശവടി പിടിച്ചുകൊണ്ട് മെത്രാൻ പട്ടം സ്വീകരിക്കുന്ന അർത്ഥികളെ താഴത്തെ നടയിൽനിന്ന് നടുവിലത്തെ നടയിലേക്ക്, കാറോയപട്ടം നല്കുന്ന ക്രമത്തിൽ പറഞ്ഞിരിക്കുന്നതുപോലെ, കയറ്റിനിർത്തുന്നു. അർത്ഥികൾ മുട്ടുകുത്തി ശിരസ്സുനമിക്കുന്നു. അംശവടി തിരികെ ഏല്പിച്ചതിനുശേഷം മെത്രാൻ ഇടതുകൈ യാചനാരൂപത്തിൽ നീട്ടിപ്പിടിച്ചുകൊണ്ടും വലതുകൈ പട്ടം സ്വീകരിക്കുന്ന ആളുടെ ശിരസ്സിൽ വച്ചുകൊണ്ടും കൈവയ്പുപ്രാർത്ഥന ചൊല്ലുന്നു. ഒന്നിലധികം അർത്ഥിയയക ഉള്ളപ്പോൾ ഈരണ്ടു പേരായിട്ടും കൈവയ്പു നല്കാവുന്നതാണ്. പ്രാർത്ഥനയുടെ അവസാനം "ഇപ്പോഴും എപ്പോഴും എന്നേക്കും" എന്നു ചൊല്ലുമ്പോൾ അവരുടെ ശിരസ്സിൽ കുരിശടയാളം വരയ്ക്കുന്നു.*

മെത്രാൻ : കർത്താവേ, ബലവാനും സർവശക്തനുമായ ദൈവമേ, അങ്ങയുടെ ദാസനെ (ദാസരെ) തൃക്കൺപാർക്കണമേ. അങ്ങയുടെ കൃപാധിക്യത്താൽ പരിശുദ്ധമായ തിരഞ്ഞെ ടുപ്പുവഴി ഇയാളെ (ഇവരെ) സ്വീകരിക്ക

Commission for Liturgy

ണമേ. തിരുസ്സഭയിൽ കുറവുകൾ പരിഹരിക്കുന്നതിന് കാരുണ്യപൂർവം ഈ ആളെ (ഇവരെ)യോഗ്യനാ(രാ)ക്കണമേ. പരമാർത്ഥഹൃദയത്തോടും നിർമ്മലമനസ്സാക്ഷിയോടുംകൂടി കളങ്കരഹിതനാ(രാ)യി അങ്ങയുടെ മുമ്പിൽ ശുശ്രൂഷ ചെയ്യാനുള്ള വരം കാരുണ്യപൂർവം ഈ ആൾക്ക് (ഇവർക്ക്) നല്കുകയും ചെയ്യണമേ. അങ്ങയുടെ ഏകജാതന്റെ അനുഗ്രഹത്താലും കൃപയാലും അങ്ങയുടെ ജ്ഞാനം വഴിയായി എല്ലാ സുകൃതങ്ങളും ഈ ആളിൽ (ഇവരിൽ) സമ്പൂർണ്ണമാകട്ടെ. അങ്ങേക്കും അങ്ങയുടെ പ്രിയപുത്രനും പരിശുദ്ധാത്മാവിനും സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും ഞങ്ങൾ സമർപ്പിക്കുന്നു. *(അർത്ഥിയുടെ ശിരസ്സിൽ കുരിശുവരച്ചുകൊണ്ട്)* ഇപ്പോഴും എപ്പോഴും ✠ എന്നേക്കും.

സമൂ. : ആമ്മേൻ.

*അനന്തരം പട്ടം സ്വീകരിച്ച ആളുടെ കൈയിൽനിന്ന് കെറിയാന പുസ്തകം വാങ്ങി ആർച്ചുഡീക്കനെ ഏല്പിക്കുന്നു. തുടർന്ന് അർത്ഥിയുടെ ശിരസ്സിൽ മെത്രാൻ ചുംബിക്കുന്നു. താഴെവരുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ട് മെത്രാൻ പട്ടം സ്വീകരിക്കുന്ന ആളുടെ കൈയിൽനിന്നും ഊറാറയെടുത്ത് അതിന്റെ ഒരറ്റം ഇടത്തെ തോളിൽനിന്ന് മുമ്പോട്ടും മറ്റേ അറ്റം പുറകോട്ടും കിടക്കത്തക്കവിധം കഴുത്തിൽ ചുറ്റുന്നു.*

മെത്രാൻ : വിശുദ്ധിയോടെ ദേവാലയത്തിൽ ശുശ്രൂഷ ചെയ്യുന്നതിന് കർത്താവു നിന്നെ യോഗ്യനാക്കട്ടെ.

അർത്ഥി : ആമ്മേൻ.

*അനന്തരം മെത്രാൻ അംശവടി പിടിച്ചുകൊണ്ട് പട്ടം സ്വീകരിച്ചവരെ മദ്ബഹയുടെ മധ്യഭാഗംവരെ നയിക്കുന്നു. അംശവടി തിരികെ ഏല്പിക്കുന്നു.*

## താലവും സങ്കീർത്തനഗ്രന്ഥവും നല്കുന്നു

മെത്രാൻ : ബലിയർപ്പണത്തിന് ആവശ്യകമായ സജ്ജീകരണങ്ങൾ ചെയ്യുവാൻ ദൈവം നിന്നെ അനുഗ്രഹിക്കട്ടെ.

Commission for Liturgy

**അർത്ഥി : ആമ്മേൻ.**

*താലം ഓരോരുത്തരുടെയും കൈയിൽ മെത്രാൻ നല്കുന്നു.*

മെത്രാൻ : **ദൈവജനത്തോടു ചേർന്ന് സങ്കീർത്തനങ്ങൾ ആലപിക്കുവിൻ.**

**അർത്ഥി : ആമ്മേൻ.**

*മെത്രാൻ ഓരോരുത്തർക്കും സങ്കീർത്തനഗ്രന്ഥം നല്കുന്നു. മെത്രാൻ മുടി മാറ്റുന്നു. 'നമുക്കു തലകുനിച്ച് ആശീർവാദം സ്വീകരിക്കാം' എന്ന ശുശ്രൂഷിയുടെ അഭ്യർത്ഥനയോടുകൂടി കുർബാന തുടരുന്നു.*

Commission for Liturgy

# മ്ശംശാനപട്ടം നല്കുന്ന ക്രമം

*പട്ടം സ്വീകരിക്കുന്നവർ ഹെവുപ്പദ്യാക്ക്നയുടെ സ്ഥാനവസ്ത്രങ്ങൾ ധരിച്ച്, അഴിക്കാലിനുതാഴെ ഇരുവശങ്ങളിലുമായി നില്ക്കുന്നു. മെത്രാൻ മദ്ബഹയിൽ പ്രവേശിച്ചു കഴിഞ്ഞതിനുശേഷം ആർച്ചുഡീക്കൻ മെത്രാനോട് പട്ടം നല്കണമെന്ന് അഭ്യർത്ഥിക്കുന്നു. തുടർന്ന്, മെത്രാൻ പ്രാർത്ഥന ചൊല്ലിക്കൊണ്ട് അർത്ഥികളുടെ മുടി മുറിക്കുന്നു. അതിനുശേഷം, 'അത്യുന്നതങ്ങളിൽ', 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ', സങ്കീർത്തനം 105:1- 8 എന്നിവ ചൊല്ലുന്നു; അതേത്തുടർന്ന്, വി. കുർബാനയുടെ ഭാഗങ്ങളും.*

*കാറോയപട്ടമോ ഹെവുപ്പദ്യാക്ക്നപട്ടമോ നല്കി ഉടനെ തന്നെയാണ് മ്ശംശാനപട്ടം നല്കുന്നതെങ്കിൽ മുകളിൽ പറഞ്ഞ ഭാഗങ്ങൾ ആവർത്തിക്കുന്നില്ല.*

ഒന്നാം വായന : 1ദിന 23:1-2,28-32, സംഖ്യ 8:20-26

രണ്ടാം വായന : പ്രഭാ 30:1-11, ഏശ 6:1-8

മെത്രാൻ : ഞങ്ങളുടെ കർത്താവായ ദൈവമേ, ...

**പ്രകീർത്തനം**

ലേഖനം : നട 6:1-7, 2തിമോ 3:10-15

**ഹല്ലേലൂയ്യാഗീതം**

സുവിശേഷം : യോഹ 13:3-17, മർക്കോ 1:14 -20

**സുവിശേഷപ്രസംഗം**

**കാറോസൂസ**

ശുശ്രൂ. : നമുക്കെല്ലാവർക്കും ഭക്ത്യാദരവോടെ 'കർത്താവേ, നിന്റെ പരിശുദ്ധാത്മാവിനാൽ ഈ സഹോദരനെ (സഹോദരന്മാരെ) വിശുദ്ധീകരിക്കണമേ' എന്നു പ്രാർത്ഥിക്കാം.

സമൂ. : കർത്താവേ, നിന്റെ പരിശുദ്ധാത്മാവിനാൽ ഈ സഹോദരനെ (സഹോദരന്മാരെ) വിശുദ്ധീകരിക്കണമേ.

ശുശ്രൂ. : മറ്റുള്ളവർക്കുവേണ്ടി സ്വയം അർപ്പിക്കുവാനും ശുശ്രൂഷിക്കപ്പെടുന്നതിനേക്കാൾ ശുശ്രൂഷിക്കുവാനും.

Commission for Liturgy

സമൂ. : കർത്താവേ, നിന്റെ പരിശുദ്ധാത്മാവിനാൽ ഈ സഹോദരനെ (സഹോദരന്മാരെ) വിശുദ്ധീകരിക്കണമേ.

ശുശ്രൂ. : വി. ശ്ലീഹന്മാരുടെ ലിഖിതങ്ങളിൽനിന്നു ചൈതന്യം ഉൾക്കൊള്ളുവാനും അതിന് അനുഗുണമായ ജീവിതം നയിച്ചുകൊണ്ട് ദൈവജനത്തെ പ്രബോധിപ്പിക്കുവാനും

സമൂ. : കർത്താവേ, നിന്റെ പരിശുദ്ധാത്മാവിനാൽ ഈ സഹോദരനെ (സഹോദരന്മാരെ) വിശുദ്ധീകരിക്കണമേ.

ശുശ്രൂ. : ദിവ്യബലിയിൽ വിശ്വാസികളെ സജീവമായി പങ്കെടുപ്പിക്കുവാനും അരൂപിയിലും സത്യത്തിലും ആരാധിക്കുവാൻ അവരെ സഹായിക്കുവാനും

സമൂ. : കർത്താവേ, നിന്റെ പരിശുദ്ധാത്മാവിനാൽ ഈ സഹോദരനെ (സഹോദരന്മാരെ) വിശുദ്ധീകരിക്കണമേ.

ശുശ്രൂ. : നിന്റെ ശിഷ്യരുടെ അടയാളമായ സാഹോദര്യം എന്നും പരിപോഷിപ്പിക്കുവാനും ക്രിസ്തീയ പരസ്നേഹപ്രവർത്തനങ്ങളിൽ പങ്കുചേരുവാനും

സമൂ. : കർത്താവേ, നിന്റെ പരിശുദ്ധാത്മാവിനാൽ ഈ സഹോദരനെ (സഹോദരന്മാരെ) വിശുദ്ധീകരിക്കണമേ.

ശുശ്രൂ. : പ്രഥമ രക്തസാക്ഷിയും മ്ശംശാനയുമായ വി. എസ്തപ്പാനോസിനെയും സഹപ്രവർത്തകരെയുംപോലെ നിന്റെ പരിശുദ്ധാരൂപിയെ സമൃദ്ധമായി സ്വീകരിക്കുവാനും ഭരമേല്പിക്കപ്പെടുന്ന കർത്തവ്യങ്ങൾ സഭയുടെ നന്മയ്ക്കായി നിർവഹിക്കുവാനും

സമൂ. : കർത്താവേ, നിന്റെ പരിശുദ്ധാത്മാവിനാൽ ഈ സഹോദരനെ (സഹോദരന്മാരെ) വിശുദ്ധീകരിക്കണമേ.

**(ഹെവുപ്പദ്യാക്ക്നപട്ടം സ്വീകരിക്കുന്നവർ ഉണ്ടെങ്കിൽ)**

ശുശ്രൂ. : ദൈവജനത്തോടു ചേർന്ന് സഭയിൽ ദൈവത്തിനു സ്തുതിഗീതങ്ങൾ ആലപിക്കുവാനും ദേവാലയശുശ്രൂഷയിൽ വിശ്വസ്തതയോടെ സഹായിക്കുവാനും

സമൂ. : കർത്താവേ, നിന്റെ പരിശുദ്ധാത്മാവിനാൽ ഈ സഹോദരനെ (സഹോദരന്മാരെ) വിശുദ്ധീകരിക്കണമേ

**(കാറോയപട്ടം സ്വീകരിക്കുന്നവർ ഉണ്ടെങ്കിൽ)**

ശുശ്രൂ. : നിയമവും പ്രവചനങ്ങളും ദൈവജനത്തെ അറിയിക്കുന്നതിനും നിന്നെപ്പറ്റിയുള്ള വിശിഷ്ടജ്ഞാനത്തിലേക്ക് അവരെ നയിക്കുന്നതിനും

സമൂ. : കർത്താവേ, നിന്റെ പരിശുദ്ധാത്മാവിനാൽ ഈ സഹോദരനെ (സഹോദരന്മാരെ) വിശുദ്ധീകരിക്കണമേ

ശുശ്രൂ. : മിശിഹായുടെ സഭ മുഴുവന്റെയും തലവനായ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ ...*(പേര്)* പാപ്പായുടെയും ഞങ്ങളുടെ സഭയുടെ തലവനും പിതാവുമായ മാർ ...*(പേര്)* മെത്രാപ്പോലീത്തയുടെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ ...*(പേര്)* മെത്രാപ്പോലീത്തയുടെയും ഞങ്ങളുടെ മേലധ്യക്ഷനും പിതാവുമായ മാർ ...*(പേര്)* മെത്രാന്റെയും അവരുടെ സഹശുശ്രൂഷികളുടെയും ക്ഷേമത്തിനുവേണ്ടിയും അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ. : കർത്താവേ ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

ശുശ്രൂ. : നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂ. : ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

മെത്രാൻ : ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, ഈ ദാസനു (ദാസർക്കു) വേണ്ടി ഞങ്ങൾ സമർപ്പിക്കുന്ന പ്രാർത്ഥന അങ്ങു സ്വീകരിക്കണമേ. പരിശുദ്ധ കന്യകാമറിയത്തിന്റെയും വിശുദ്ധ യൗസേപ്പിന്റെയും ഞങ്ങളുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെയും മറ്റു വിശുദ്ധരെല്ലാവരുടെയും പ്രാർത്ഥനാസഹായം ഇവർക്കു ലഭിക്കുമാറാകട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. : ആമ്മേൻ.

ആർച്ചു : നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.

ഡീക്കൻ

മെത്രാൻ : നിർമ്മലനും നിർമ്മലരെ സ്നേഹിക്കുന്നവനുമായ കർത്താവേ, നിർമ്മലമാകുന്ന നിന്റെ പ്രകാശം നിന്റെ ദാസന്റെ (ദാസരുടെ)മേൽ ചൊരിയണമേ. നിന്റെ ദിവ്യരഹസ്യങ്ങൾ വിശുദ്ധിയോടെ പരികർമ്മം ചെയ്യുവാനും നിന്റെ ശുശ്രൂഷകരെ പവിത്രീകരിക്കുന്ന നിന്റെ പ്രമാണങ്ങൾ പാലിക്കുവാനും നിന്റെ ശക്തിയും സഹായവും ഈ ആൾക്ക് (ഇവർക്ക്) നല്കണമേ. സ്വയം വിനീതനാക്കി, സ്വർഗ്ഗീയ മഹത്വത്തിൽനിന്ന് ഈ ലോകത്തിലേക്ക് ഇറങ്ങി, സകല സൃഷ്ടികളുടെയും രക്ഷ സാധിച്ച നീ ഉന്നതനാകുന്നു. കർത്താവേ, നിന്റെ പരിശുദ്ധ മദ്ബഹയിൽ പ്രവേശിച്ച്, സ്വർഗീയസിംഹാസനത്തിന്റെ സാദൃശ്യത്തിൽ ഭൂമിയിൽ സ്ഥാപിതമായിരിക്കുന്ന നിന്റെ ഉന്നതബലിപീഠത്തിങ്കൽ ശുശ്രൂഷ ചെയ്യുവാൻ നിന്റെ ഈ ദാസനെ (ദാസന്മാരെ) യോഗ്യനാ(രാ)ക്കണമേ. ആധ്യാത്മികവരങ്ങളുടെ ദാതാവായ സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ. : ആമ്മേൻ.

*അനന്തരം, മെത്രാൻ മുടി ധരിച്ചതിനുശേഷം അംശവടി പിടിച്ചുകൊണ്ട് പട്ടം സ്വീകരിക്കുന്നവരെ മദ്ബഹയുടെ മധ്യഭാഗംവരെ, ഹെവുപ്പദ്യാക്ക്നപട്ടം നല്കുന്ന ക്രമത്തിൽ പറഞ്ഞിരിക്കുന്നതുപോലെ, നയിക്കുന്നു. അതിനുശേഷം അംശവടി തിരികെ കൊടുത്തിട്ട് താഴെവരുന്ന കാനോന ആരംഭിക്കുകയും ഗായകസംഘം അതു തുടരുകയും ചെയ്യുന്നു.*

Commission for Liturgy

## കാനോന (സങ്കീർത്തനം 15:1-5)

നിൻ ഗേഹത്തിൽ വാഴുന്നതിനോ
പാവനമാം നിൻ മാമലയിങ്കൽ
പാർക്കുന്നതിനോ യോഗ്യതുള്ളോ-
രെൻ കർത്താവേ ആരീഭൂവിൽ?

വ്യാപാരത്തിൽ നിഷ്ക്കന്മഷനും
ന്യായം മാത്രം നോക്കുന്നവനും
സത്യം തന്നെ പറയുന്നവനും
വഞ്ചന നാവിൽ തീണ്ടാത്തവനും

നിസ്സാരതരം തിന്മകൾ പോലും
സ്നേഹിതനെതിരായ് ചെയ്യാത്തവനും
അയൽവാസികളെ ദ്രോഹിപ്പതിനായ്
കൈക്കൂലിയിനം വാങ്ങാത്തവനും

*(അല്ലെങ്കിൽ)*

മെത്രാൻ : കർത്താവേ, അങ്ങയുടെ കൂടാരത്തിൽ ആരു വസിക്കും? അങ്ങയുടെ വിശുദ്ധ ഗിരിയിൽ ആരു വാസമുറപ്പിക്കും?

സമൂ. : നിഷ്കളങ്കനായി ജീവിക്കുകയും
നീതി മാത്രം പ്രവർത്തിക്കുകയും
ഹൃദയം തുറന്നു സത്യം പറയുകയും ചെയ്യുന്നവൻ.

മെത്രാൻ : പരദൂഷണം പറയുകയോ സ്നേഹിതനെ ദ്രോഹിക്കുകയോ

അയല്ക്കാരനെതിരെ അപവാദം
പരത്തുകയോ ചെയ്യാത്തവൻ.

സമൂ. : ദുഷ്ടനെ പരിഹാസ്യനായി കരുതുകയും ദൈവ ഭക്തനോട് ആദരം കാണിക്കുകയും നഷ്ടം സഹിച്ചും പ്രതിജ്ഞ നിറവേറ്റുകയും ചെയ്യുന്നവൻ.

മെത്രാൻ : കടത്തിനു പലിശ ഈടാക്കുകയോ നിർദ്ദോഷനെതിരെ കൈക്കൂലി വാങ്ങുകയോ ചെയ്യാത്തവൻ.

സമൂ. : ഇങ്ങനെയുള്ളവൻ നിർഭയനായിരിക്കും.

Commission for Liturgy

മെത്രാൻ : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ. : ആദിമുതൽ എന്നേക്കും ആമേൻ.

*പട്ടം സ്വീകരിക്കാനുള്ളവർ മദ്ബഹയുടെ മധ്യത്തിൽ കൈകൂപ്പി നില്ക്കുന്നു.*

ആർച്ചു : നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.

ഡീക്കൻ

മെത്രാൻ : കർത്താവേ, പരിപൂർണ്ണനും സൃഷ്ടികളുടെ ശുശ്രൂഷ നിശ്ശേഷം ആവശ്യമില്ലാത്തവനുമായ ദൈവമേ, അങ്ങയുടെ കൃപയാലും അനുഗ്രഹത്താലും ഈ ദാസനെ (ദാസരെ) വിശ്വസ്തതയിൽ ഉറപ്പിച്ചുനിർത്തണമേ. അങ്ങയുടെ സ്തുതിക്കും ബഹുമാനത്തിനും നിയുക്തമായ വിശുദ്ധ സ്ഥലത്ത് ശ്രേഷ്ഠമായ ശുശ്രൂഷയ്ക്ക് ഈ ദാസനെ (ദാസരെ) യോഗ്യനാ(രാ)ക്കണമേ. കർത്തവ്യങ്ങൾ അലസത കൂടാതെ നിർവഹിക്കുന്നതിനുള്ള ഉത്സാഹം ഈ ആൾക്ക് (ഇവർക്ക്) നല്കണമേ. ആധ്യാത്മികഫലങ്ങൾ പുറപ്പെടുവിക്കുവാൻ ഉതകുന്ന യഥാർത്ഥ തീക്ഷ്ണത ഈ ആളിൽ (ഇവരിൽ) ഉളവാക്കുകയും വളർത്തുകയും ചെയ്യണമേ. ആധ്യാത്മികവരങ്ങളുടെ ദാതാവും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. : ആമ്മേൻ.

*(അല്ലെങ്കിൽ)*

മെത്രാൻ : കർത്താവായ ദൈവമേ, അങ്ങയുടെ വിശുദ്ധ മദ്ബഹയിൽനിന്നു നല്കപ്പെട്ടതും എല്ലാ തലമുറകളിലും ആരാധകർക്കു നല്കപ്പെടുന്നതുമായ അങ്ങയുടെ അനുഗ്രഹത്തിന്റെ വിശിഷ്ടമായ സഹായം അതു സ്വീകരിക്കുവാൻ ആഗ്രഹിച്ച് അങ്ങയുടെ മുമ്പാകെ ആരാധന നടത്തുന്ന അങ്ങയുടെ ഈ ദാസനെ (ദാസരെ) വലയം ചെയ്യട്ടെ. ആധ്യാത്മികവരങ്ങളുടെ ദാതാവും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

Commission for Liturgy

സമൂ. : ആമ്മേൻ.

*ധൂപകലശത്തിൽ കുന്തുരുക്കമിട്ട് ക്രമപ്രകാരം ആശീർവദിച്ചതിനു ശേഷം മെത്രാൻ താഴെവരുന്ന ഓനീസാ ആരംഭിക്കുകയും ഗായക സംഘം അതു തുടരുകയും ചെയ്യുന്നു. തത്സമയം ശുശ്രൂഷി ക്രമപ്രകാരം മദ്ബഹ ധൂപിക്കുന്നു.*

## ഓനീസ

മെത്രാൻ : കർത്താവേ, അങ്ങയുടെ പ്രമാണങ്ങളുടെ വഴി എന്നെ പഠിപ്പിക്കണമേ. ഞാൻ അവ പാലിച്ചുകൊള്ളാം.

ഗായക : കല്പന കാത്തു നടന്നിടുവാൻ
നാഥാ, നല്കണമഭ്യാസം;
നിൻവചനം കാത്തെന്നും നിൻ
ആഗ്രഹപൂർത്തി വരുത്താം ഞാൻ.

നാഥാ നിന്നുടെ ദാനത്തിൻ
നിധിയപഹൃതമായ്ത്തീരായ്‌വാൻ
ഇന്ദ്രിയമാം തുറവാതില്ക്കൽ
പാലകരെ നിയമിക്കണമേ.

മെത്രാൻ : കർത്താവേ, അങ്ങയുടെ വഴി എന്നെ പഠിപ്പിക്കണമേ. നീതിപൂർവം അതിലൂടെ ഞാൻ സഞ്ചരിച്ചുകൊള്ളാം.

ഗായക : കല്പന കാത്തു നടന്നിടുവാൻ
നാഥാ, നല്കണമഭ്യാസം;
നിൻവചനം കാത്തെന്നും നിൻ
ആഗ്രഹപൂർത്തി വരുത്താം ഞാൻ.

നാഥാ നിന്നുടെ ദാനത്തിൻ
നിധിയപഹൃതമായ്ത്തീരായ്‌വാൻ
ഇന്ദ്രിയമാം തുറവാതില്ക്കൽ
പാലകരെ നിയമിക്കണമേ.

മെത്രാൻ : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി ആദിമുതൽ എന്നേക്കും. ആമ്മേൻ.

ഗായക : ആഗമനത്തിലുണർന്നവരായ്
കാണും ഭൃത്യജനത്തിനവൻ
വാഗ്ദാനം ചെയ്തൊരു ഭാഗ്യം
നിങ്ങൾക്കും കരഗതമാകാൻ.

Commission for Liturgy

അരകൾ മുറുക്കിയൊരുക്കമൊടേ
തെളിയെക്കത്തും ദീപവുമായ്
നിദ്ര വെടിഞ്ഞു സദാ, നിറയും
ജാഗരമോടെ വസിച്ചിടുവിൻ.

*(അല്ലെങ്കിൽ)*

മെത്രാൻ : കർത്താവേ, അങ്ങയുടെ പ്രമാണങ്ങളുടെ വഴി എന്നെ പഠിപ്പിക്കണമേ. ഞാൻ അവ പാലിച്ചുകൊള്ളാം. കർത്താവേ, അങ്ങയുടെ വഴി എന്നെ പഠിപ്പിക്കണമേ. നീതിപൂർവം അതിലൂടെ ഞാൻ സഞ്ചരിച്ചുകൊള്ളാം.

ഗായക : കർത്താവേ, അങ്ങയുടെ പ്രമാണങ്ങളുടെ വഴിയിലൂടെ സഞ്ചരിക്കുവാനും അങ്ങയുടെ വചനങ്ങൾ പാലിക്കുവാനും അങ്ങയുടെ ഇഷ്ടം നിറവേറ്റുവാനും എന്നെ പഠിപ്പിക്കണമേ.

കർത്താവേ, അങ്ങയുടെ ദാനമാകുന്ന നിധി ദുർവ്യയം ചെയ്യാതിരിക്കുന്നതിന് എന്റെ അവയവങ്ങളിലൂടെ തുറന്ന വാതിലുകൾക്ക് അങ്ങ് കാവൽക്കാരെ നിയോഗിക്കണമേ.

മെത്രാൻ : കർത്താവേ, അങ്ങയുടെ പ്രമാണങ്ങളുടെ വഴി എന്നെ പഠിപ്പിക്കണമേ. ഞാൻ അതു പാലിച്ചുകൊള്ളാം.

ഗായക : കർത്താവേ, അങ്ങയുടെ പ്രമാണങ്ങളുടെ വഴിയിലൂടെ സഞ്ചരിക്കുവാനും അങ്ങയുടെ വചനങ്ങൾ പാലിക്കുവാനും അങ്ങയുടെ ഇഷ്ടം നിറവേറ്റുവാനും എന്നെ പഠിപ്പിക്കണമേ.

മെത്രാൻ : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി ആദിമുതൽ എന്നേക്കും. ആമ്മേൻ.

ഗായക : നിങ്ങൾ അരകൾ മുറുക്കി വിളക്കുകൾ കൊളുത്തി സദാ ഉണർന്നിരിക്കുവിൻ. യജമാനൻ വരുമ്പോൾ ഉണർന്നിരിക്കുന്നവരായി കാണപ്പെടുന്ന നല്ല ഭൃത്യന്മാർക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന സൗഭാഗ്യത്തിന് നിങ്ങൾ യോഗ്യരാകുകയും ചെയ്യട്ടെ.

Commission for Liturgy

ആർച്ചു : ഡീക്കൻ നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.

മെത്രാൻ : കർത്താവായ ദൈവമേ, അങ്ങയുടെ മദ്ബഹയുടെ മുമ്പിൽ പ്രണമിക്കുന്ന ഈ ദാസന്റെ (ദാസരുടെ)മേൽ അനുഗ്രഹം വർഷിക്കണമേ. അങ്ങയുടെ ദാനങ്ങൾ പ്രതീക്ഷിച്ചുനില്ക്കുന്ന ഈ ആരാധകന് (ആരാധകർക്ക്) അവ ധാരാളമായി പ്രദാനം ചെയ്യണമേ. അങ്ങു കരുണാപൂർവം തിരഞ്ഞെടുത്ത ഈ ആളെ (ഇവരെ) വരദാനങ്ങളാൽ നിറയ്ക്കണമേ. അങ്ങയുടെ ദാനങ്ങൾക്ക് നിർമ്മലമായ വാസസ്ഥാനവും ദിവ്യരഹസ്യങ്ങളുടെ പരികർമ്മത്തിന് ഉത്സാഹിയായ ശുശ്രൂഷിയും ആകുവാൻ ഈ ആളെ (ഇവരെ) പവിത്രീകരിക്കണമേ. ആധ്യാത്മികവരങ്ങളുടെ ദാതാവും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. : ആമ്മേൻ.

*(അല്ലെങ്കിൽ)*

മെത്രാൻ : അനുഗ്രഹത്തിന്റെയും കാരുണ്യത്തിന്റെയും അപരിമേയമായ സമുദ്രമേ, കൃപയുടെ അഗ്രാഹ്യമായ ആഴമേ, അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ ദൈവമായ കർത്താവേ, ഈ ദാസനെ (ദാസരെ) അങ്ങയുടെ കൃപയാൽ നിറയ്ക്കണമേ. ദൈവികവും ജീവദായകവുമായ അങ്ങയുടെ ലിഖിതങ്ങളെ ധ്യാനിക്കുവാനും സത്യമായ അങ്ങയുടെ പ്രമാണങ്ങളുടെ വഴിയിലൂടെ വ്യാപരിക്കുവാനും തന്റെ (തങ്ങളുടെ) ശുശ്രൂഷയാൽ കർത്താവായ അങ്ങയെ പ്രീതിപ്പെടുത്തുവാനും ഈ ആളെ (ഇവരെ) ശക്തനാ(രാ)ക്കണമേ. ആധ്യാത്മികവരങ്ങളുടെ ദാതാവും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. : ആമ്മേൻ.

*തുടർന്ന്, മെത്രാൻ താഴെവരുന്ന കാനോന ആരംഭിക്കുകയും ഗായകസംഘം അതു തുടരുകയും ചെയ്യുന്നു. അർത്ഥി മുട്ടുകുത്തി ആചാരം ചെയ്ത് എഴുന്നേല്ക്കുന്നു.*

Commission for Liturgy

## കാനോന (സങ്കീർത്തനം 122:1-3)

മെത്രാൻ : സ്വർഗ്ഗത്തിൽ വസിക്കുന്നവനേ, അങ്ങയുടെ പക്കലേക്കു ഞങ്ങൾ

*കണ്ണുകൾ ഉയർത്തി*

കർത്താവേ, നിൻ ശുശ്രൂഷകനി(രി)ൽ നിൻകൃപ യെന്നും ചൊരിയണമേ.

മെത്രാൻ : സ്വർഗ്ഗത്തിൽ വസിക്കുന്നവനേ, നിന്റെ പക്കലേക്കു ഞാൻ കണ്ണുകൾ ഉയർത്തി.

സമൂ. : ദാസന്മാരുടെ കണ്ണുകൾ നാഥന്റെ പക്കലേക്കും ദാസി യുടെ കണ്ണുകൾ നാഥയുടെ പക്കലേക്കുമെന്നതു പോലെ.

മെത്രാൻ : ദൈവമായ കർത്താവേ, ഞങ്ങളോടു കരുണ തോന്ന ണമേ. അതുവരെ ഞങ്ങളുടെ കണ്ണുകൾ അങ്ങയെ ത്തന്നെ നോക്കിയിരിക്കും.

സമൂ. : ഞങ്ങളോടു കരുണ തോന്നണമേ. കർത്താവേ, ഞങ്ങ ളോടു കരുണ തോന്നണമേ.

കർത്താവേ, നിൻ ശുശ്രൂഷകനി(രി)ൽ നിൻകൃപ യെന്നും ചൊരിയണമേ.

മെത്രാൻ : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിമുതൽ എന്നേക്കും. ആമ്മേൻ.

കർത്താവേ, നിൻ ശുശ്രൂഷകനി(രി)ൽ നിൻകൃപ യെന്നും ചൊരിയണമേ.

*ഈ കാനോന ആവർത്തിക്കുമ്പോൾ മെത്രാൻ ബലിപീഠത്തിനു മുമ്പിൽ മുട്ടുകുത്തി എഴുന്നേല്ക്കുന്നു.*

*മെത്രാൻ അംശവടി പിടിച്ചുകൊണ്ട് പട്ടം സ്വീകരിക്കുന്നവരെ സമീപി ക്കുന്നു. അവർ മുട്ടുകുത്തി, ശിരസ്സുകുനിച്ച്, കൈവയ്പു സ്വീകരി ക്കുവാൻ ഒരുങ്ങുന്നു.*

*മെത്രാൻ അംശവടി തിരികെ കൊടുക്കുന്നു.*

ആർച്ചു : നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.
ഡീക്കൻ

Commission for Liturgy

*മെത്രാൻ കൈകൾ യാചനാരൂപത്തിൽ നീട്ടിപ്പിടിച്ചുകൊണ്ട് തനിക്കു വേണ്ടിത്തന്നെ താഴ്ന്ന സ്വരത്തിൽ പ്രാർത്ഥിക്കുന്നു.*

*കാറോയ, ഹെവുപ്പദ്യാക്ക്ന എന്നീ പട്ടങ്ങൾക്കുശേഷമാണെങ്കിൽ ഈ പ്രാർത്ഥന ഉപേക്ഷിക്കാവുന്നതാണ്.*

മെത്രാൻ : കുറവുകളെ സദാ പരിഹരിക്കുന്ന നമ്മുടെ കർത്താവീശോമിശിഹായുടെ കൃപ, പിതാവായ ദൈവത്തിന്റെ സംപ്രീതിയോടും പരിശുദ്ധാത്മാവിന്റെ ശക്തിയോടുംകൂടി എപ്പോഴും നമ്മോടൊത്തുണ്ടായിരിക്കട്ടെ. ഭയഭക്തിജനകവും ഉന്നതവുമായ ഈ ശുശ്രൂഷ, ബലഹീനനായ എന്റെ കരങ്ങൾവഴി നമ്മുടെ രക്ഷയ്ക്കായി പൂർത്തിയാക്കുകയും ചെയ്യട്ടെ. *(മെത്രാൻ തന്റെമേൽത്തന്നെ കുരിശടയാളം വരച്ചുകൊണ്ട്)* ഇപ്പോഴും എപ്പോഴും ✠ എന്നേക്കും.

സമൂ. : ആമ്മേൻ.

*മെത്രാൻ ഇടതുകൈ യാചനാരൂപത്തിൽ നീട്ടിപ്പിടിച്ചുകൊണ്ടും വലതുകൈ പട്ടം സ്വീകരിക്കുന്നവരുടെ ശിരസ്സിനു മുകളിൽ കമിഴ്ത്തിപ്പിടിച്ചുകൊണ്ടും താഴെവരുന്ന പ്രാർത്ഥന ചൊല്ലുന്നു. അതിന്റെ അവസാനത്തിൽ അവരുടെ ശിരസ്സിൽ കുരിശടയാളം വരയ്ക്കുന്നു.*

മെത്രാൻ : നല്ലവനായ ഞങ്ങളുടെ ദൈവമേ, കൃപാപൂർണ്ണനായ ഞങ്ങളുടെ രാജാവേ, കരുണാസമ്പന്നനും അനുഗ്രഹസമൃദ്ധനുമായ കർത്താവേ, അവർണ്ണനീയമായ അങ്ങയുടെ കാരുണ്യത്താൽ വിശുദ്ധ സഭയിൽ ദൈവികദാനങ്ങളുടെ മധ്യസ്ഥനായി എന്നെ അങ്ങു നിയോഗിച്ചിരിക്കുന്നു. ഇത് അങ്ങയുടെ വിശുദ്ധ രഹസ്യങ്ങളുടെ ശുശ്രൂഷകന്മാർക്ക് ആധ്യാത്മികശുശ്രൂഷയുടെ നാണയങ്ങൾ അങ്ങയുടെ നാമത്തിൽ നല്കുവാൻവേണ്ടിയാണല്ലോ. കർത്താവേ, സഭാശുശ്രൂഷയുടെ കൈവയ്പുവഴി ഞങ്ങൾക്കു നല്കപ്പെട്ടിരിക്കുന്ന ശ്ലൈഹികപാരമ്പര്യമനുസരിച്ച് അങ്ങയുടെ ഈ ദാസൻ (ദാസർ) അങ്ങയുടെ വിശുദ്ധ സഭയിൽ തിരഞ്ഞെടുക്കപ്പെട്ട മ്ശംമ്ശാന ആയിത്തീരുന്നതിന് ഇതാ ഈ ആളെ (ഇവരെ) അങ്ങയുടെ മുമ്പിൽ ഞങ്ങൾ സമർപ്പിക്കുന്നു. ഞങ്ങളെല്ലാവരും ഈ ആൾക്ക്

Commission for Liturgy

(ഇവർക്ക്) വേണ്ടി പ്രാർത്ഥിക്കുന്നു. പരിശുദ്ധാത്മാവിന്റെ കൃപാവരം ഈ ആളിൽ (ഇവരിൽ) ഇറങ്ങി വന്ന്, അങ്ങയുടെ ഏകജാതന്റെ അനുഗ്രഹത്താലും കരുണയാലും ഏല്പിക്കപ്പെട്ട ശുശ്രൂഷയുടെ നിർവഹണത്തിന് ഈ ആൾ (ഇവർ) പരിപൂർണ്ണനാ(രാ)ക്കപ്പെടട്ടെ. അങ്ങേക്കും അങ്ങയുടെ പ്രിയപുത്രനും പരിശുദ്ധാത്മാവിനും സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും ഞങ്ങൾ സമർപ്പിക്കുന്നു. *(ഓരോ അർത്ഥിയുടെയും ശിരസ്സിൽ കുരിശടയാളം വരച്ചുകൊണ്ട്)* ഇപ്പോഴും എപ്പോഴും ✠ എന്നേക്കും.

സമൂ. : ആമ്മേൻ.

ആർച്ചു : ഡീക്കൻ അത്യുന്നതങ്ങളിലേക്കു നിങ്ങളുടെ കണ്ണുകൾ ഉയർത്തി കാരുണ്യവാനായ ദൈവത്തോട് അനുഗ്രഹം യാചിക്കുവിൻ. ദൈവത്തിന്റെ സഭയിൽ മ്ശംശാനയായി (മ്ശംശാനമാരായി)പട്ടം നല്കപ്പെടാൻ നിയുക്തനാ(രാ)യിരിക്കുന്ന ഹെവുപ്പദ്യാക്ക്ന *...(പേര്)* (ഹെവുപ്പദ്യാക്ക്നമാരായ) *...(പേരുകൾ)* നുവേണ്ടി (എന്നിവർക്കുവേണ്ടി) നിങ്ങൾ പ്രാർത്ഥിക്കുവിൻ.

*തുടർന്ന് മെത്രാൻ ഇടതുകൈ യാചനാരൂപത്തിൽ നീട്ടിപ്പിടിച്ചും, വലതുകൈ പട്ടം സ്വീകരിക്കുന്നവരുടെ ശിരസ്സിൽ വച്ചുകൊണ്ടും കൈവയ്പു പ്രാർത്ഥന ചൊല്ലുന്നു. ഒന്നിലധികം അർത്ഥികൾ ഉള്ളപ്പോൾ ഈരണ്ടു പേരായിട്ടും കൈവയ്പ് നല്കാവുന്നതാണ്. അവസാനം അർത്ഥികളുടെ ശിരസ്സിൽ കുരിശടയാളം വരയ്ക്കുന്നു.*

മെത്രാൻ : കർത്താവേ, ബലവാനും സർവശക്തനുമായ ദൈവമേ, അങ്ങയെ ഭയപ്പെടുന്നവരോടും പ്രമാണങ്ങൾ അനുസരിക്കുന്നവരോടും കൃപാപൂർവം ഉടമ്പടി പാലിക്കുന്ന അങ്ങ് സത്യവാനും പരിശുദ്ധനും സ്തുത്യർഹനുമാകുന്നു. അങ്ങയുടെ ഏകജാതനായ ഞങ്ങളുടെ കർത്താവീശോമിശിഹായുടെ മനുഷ്യാവതാരംവഴി യഥാർത്ഥ ജ്ഞാനം അങ്ങ് സകല മനുഷ്യർക്കും നല്കി. വിശുദ്ധ സഭയെ അങ്ങ് തിരഞ്ഞെടുത്തു. ദീർഘദർശികളെയും ശ്ലീഹന്മാരെയും പുരോഹിതന്മാരെയും ഉപദേഷ്ടാക്കളെയും വിശുദ്ധരുടെ തികവിനായി അങ്ങു നിയോ

Commission for Liturgy

ഗിച്ചു. എസ്തപ്പാനോസിനെയും അവന്റെ സഹപ്രവർത്തകരെയും തിരഞ്ഞെടുത്തതുപോലെ, പരിശുദ്ധവും സ്തുത്യർഹവുമായ അങ്ങയുടെ രഹസ്യങ്ങളുടെ ശുശ്രൂഷയ്ക്കുവേണ്ടി വിശുദ്ധന്മാരായ മ്ശംശാനമാരെയും അങ്ങ് സഭയിൽ നിയോഗിച്ചു. എന്റെ കർത്താവേ, ഈ ദാസൻ (ദാസർ) അങ്ങയുടെ വിശുദ്ധ സഭയിൽ തിരഞ്ഞെടുക്കപ്പെട്ട മ്ശംശാന(മാർ) ആയിത്തീരുന്നതിനും പരമാർത്ഥഹൃദയത്തോടും നിർമ്മല മനസ്സാക്ഷിയോടുംകൂടി അങ്ങയുടെ പരിശുദ്ധ മദ്ബഹയിൽ ശുശ്രൂഷ ചെയ്യുന്നതിനും ജീവദായകവും ദൈവികവുമായ അങ്ങയുടെ രഹസ്യങ്ങളുടെ പരികർമ്മത്തിനായി നീതിയുടെ പ്രവൃത്തികളാൽ ഈ ആൾ (ഇവർ) പ്രശോഭിതനാ(രാ)കുന്നതിനുംവേണ്ടി അങ്ങയുടെ കരുണയാൽ പരിശുദ്ധാത്മാവിന്റെ കൃപാവരം ഈ കൈവയ്പുവഴി ഇയാൾക്കു (ഇവർക്കു) നല്കണമേ. തിരുസ്സഭയിൽ വിശുദ്ധ ലേഖനങ്ങൾ അങ്ങയുടെ ജനസമക്ഷം ഈ ആൾ (ഇവർ) വായിക്കുകയും തന്റെ (തങ്ങളുടെ) മാതൃകയും പരസ്നേഹപ്രവർത്തനങ്ങളുംവഴി ഭരമേല്പിക്കപ്പെടുന്ന കർത്തവ്യങ്ങൾ വിശ്വസ്തതാപൂർവം കൈകാര്യം ചെയ്യുകയും ചെയ്യട്ടെ. കർത്താവേ, അങ്ങയുടെ മുമ്പാകെ ഈ ആൾ (ഇവർ) അനുഷ്ഠിക്കുന്ന വിശുദ്ധവും നിർമ്മലവുമായ ശുശ്രൂഷയ്ക്ക്, പ്രതിസമ്മാനത്തിന്റെ ദിവസത്തിൽ സ്വർഗ്ഗീയ നന്മകൾ അങ്ങയിൽനിന്നു കൈക്കൊള്ളുവാൻ അർഹനാ(രാ)കട്ടെ. അങ്ങേക്കും അങ്ങയുടെ പ്രിയപുത്രനും പരിശുദ്ധാത്മാവിനും സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും ഞങ്ങൾ സമർപ്പിക്കുന്നു. *(അർത്ഥിയുടെ ശിരസ്സിൽ കുരിശടയാളം വരച്ചുകൊണ്ട്)* ഇപ്പോഴും എപ്പോഴും ✠ എന്നേക്കും.

സമൂ. : ആമ്മേൻ.

*അനന്തരം പട്ടം സ്വീകരിച്ചവർ തല കുനിച്ച് ആചാരം ചെയ്ത് എഴുന്നേല്ക്കുന്നു. തുടർന്ന് അവർ ഓരോരുത്തരായി മെത്രാനെ സമീപിക്കുകയും അദ്ദേഹം അവരുടെ കഴുത്തിൽനിന്ന് ഊറാറ എടുത്ത്, താഴെക്കാണുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ട് അവരുടെ ഇടതു തോളിൽ ഇടുകയും ചെയ്യുന്നു.*

മെത്രാൻ : ഞങ്ങളുടെ കർത്താവായ ദൈവമേ, പരിശുദ്ധിയുടെ പ്രഭയാൽ അങ്ങയുടെ ഈ ദാസനെ (ദാസരെ) പ്രകാശിപ്പിക്കുകയും വിശുദ്ധിയുടെ മനോഹരമായ പ്രവൃത്തികളാൽ ഇയാളുടെ ആത്മാവിനെ (ഇവരുടെ ആത്മാക്കളെ) അലങ്കരിക്കുകയും ചെയ്യണമേ.

*ആർച്ചുഡീക്കൻ ലേഖനഗ്രന്ഥം മെത്രാനെ ഏല്പിക്കുന്നു. അദ്ദേഹം താഴെവരുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ട് പുസ്തകം അർത്ഥിയുടെ കൈയിൽ കൊടുക്കുന്നു.*

മെത്രാൻ : സഭയിൽ വിശുദ്ധ ലേഖനങ്ങൾ വായിക്കുവിൻ. നിന്റെ മാതൃകയും നിർദ്ദേശങ്ങളുംവഴി വിശുദ്ധിയുടെ സമൃദ്ധമായ ഫലങ്ങൾ സഭയിൽ ഉളവാകട്ടെ.

അർത്ഥി : ആമ്മേൻ.

*തുടർന്ന് മെത്രാൻ ഓരോ അർത്ഥിയുടെയും നെറ്റിയിൽ കുരിശടയാളം വരച്ചുകൊണ്ടു ചൊല്ലുന്നു.*

മെത്രാൻ : സഭയിൽ ശുശ്രൂഷയുടെ നിർവഹണത്തിനും എസ്തപ്പാനോസിനടുത്ത ലേവായ ശുശ്രൂഷയ്ക്കുമായി *(പേര്)* വേർതിരിക്കപ്പെടുകയും പവിത്രീകരിക്കപ്പെടുകയും പൂർണ്ണനാക്കപ്പെടുകയും ചെയ്തിരിക്കുന്നു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, എന്നേക്കും.

അർത്ഥി : ആമ്മേൻ.

*തുടർന്ന് പട്ടം സ്വീകരിച്ച ആളിന്റെ ശിരസ്സിൽ മെത്രാൻ ചുംബിക്കുന്നു. അനന്തരം, മെത്രാൻ അംശവടി പിടിച്ച് മദ്ബഹയുടെ തളത്തിൽ കയറി, ആചാരം ചെയ്ത് ജനങ്ങളുടെ നേരേ തിരിഞ്ഞ് താഴെക്കാണുന്ന കാനോന ആരംഭിക്കുന്നു. അർത്ഥി മുട്ടുകുത്തി ആചാരം ചെയ്ത് എഴുന്നേല്ക്കുന്നു.*

## കാനോന

മെത്രാൻ : കർത്താവിനെ ആത്മാർത്ഥമായി വിളിക്കുന്നവർക്ക് അവിടുത്തെ സാമീപ്യം ലഭിക്കും.

Commission for Liturgy

**ഗീതം**

ദാസർക്കാത്മികനാണയമാം
കക്രാ നല്കിയ മിശിഹായേ,
നിൻതുണ ചിന്തുക നിൻദാനം
കൈക്കൊണ്ടവനാം(രാം) ദാസനി(രി)ൽ നീ.

*(സമൂഹം രണ്ടുഗണമായി തുടരുന്നു.)*

കർത്താവിനെ ആത്മാർത്ഥമായി
വിളിക്കുന്നവർക്ക്
അവിടുത്തെ സാമീപ്യം ലഭിക്കും.
തന്റെ ഭക്തന്മാരുടെ ആവശ്യം
അവിടുന്നു സാധിച്ചുകൊടുക്കും;
അവരുടെ പ്രാർത്ഥനകൾ കേട്ട്
അവരെ രക്ഷിക്കുകയും ചെയ്യും.
തന്നെ സ്നേഹിക്കുന്നവരെയെല്ലാം
കർത്താവു പരിപാലിക്കും
ദുഷ്ടരെയെല്ലാം നശിപ്പിക്കുകയും ചെയ്യും.
എന്റെ അധരങ്ങൾ കർത്താവിനെ സ്തുതിക്കും; ജീവജാലങ്ങൾ എന്നെന്നും അവിടുത്തെ തിരുനാമം പ്രകീർത്തിക്കും.

**ഗീതം**

*ദാസർക്കാത്മിക നാണയമാം ... ...*

മെത്രാൻ : കർത്താവിനെ ആത്മാർത്ഥമായി വിളിക്കുന്നവർക്ക് അവിടുത്തെ സാമീപ്യം ലഭിക്കും.

**ഗീതം**

നരരക്ഷകനാം മിശിഹായേ,

ഞങ്ങൾ ചരിക്കും മാർഗങ്ങൾ
നീ താൻ ശോഭനമാക്കുന്നു
ശക്തിയിലും നിൻ ബുദ്ധിയിലും.

Commission for Liturgy

നീ താൻ കനിവൊടു ഞങ്ങളുടെ
ദിനകൃത്യങ്ങൾ നിയന്ത്രിപ്പൂ
ആരാധകനാം ദാസനെ നീ
പാരം ബലവാനാക്കണമേ.

മെത്രാൻ : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ആദിമുതൽ എന്നേക്കും, ആമ്മേൻ.

**ഗീതം**

ഞങ്ങൾ നിന്നെ വിളിക്കുന്നു
നാഥാ, കൃപയുമനുഗ്രഹവും
ഭണ്ഡാരത്തിൽനിന്നിവരിൽ
ലോപമെഴാതെ പൊഴിഞ്ഞാലും.
ഞങ്ങൾക്കറിയാമഖിലേശാ,
നീതാൻ പാപവിമോചകനും
ഭൂതദയാമയമാനസനും
കാരുണ്യാർദ്രമഹാശയനും.

*ഈ കാനോന ചൊല്ലുന്ന സമയത്ത് ആർച്ചുഡീക്കൻ മ്ശംമ്ശാനമാരെ ബലിപീഠത്തിനു ചുറ്റും നയിക്കുന്നു. തദവസരത്തിൽ അവർ ആദ്യം ബലിപീഠത്തിന്റെ വലതുവശത്തും പിന്നീട് ഇടതുവശത്തും ശിരസ്സു നമിച്ചു വണങ്ങുന്നു. മെത്രാൻ അംശവടി തിരികെ ഏല്പിക്കുന്നു. തുടർന്ന് മ്ശംശാനമാർ മെത്രാന്റെ മുമ്പിൽവന്ന് മുട്ടുകുത്തുമ്പോൾ അദ്ദേഹം താഴെവരുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ട് ഓരോരുത്തരെയും ആശീർവദിക്കുന്നു. തുടർന്ന് അവർ മെത്രാന്റെ കരം ചുംബിക്കുന്നു.*

മെത്രാൻ : തന്റെ ശുശ്രൂഷയ്ക്കായി നിന്നെ സ്വീകരിച്ച മിശിഹാ, നീതിയുടെ സേവനത്തിനായി നിന്നെ എന്നേക്കും പൂർണ്ണനാക്കട്ടെ.

*'തുടർന്ന് മെത്രാൻ മുടി മാറ്റുന്നു.*

*നമുക്കു തലകുനിച്ച് ആശീർവാദം സ്വീകരിക്കാം' എന്ന ശുശ്രൂഷിയുടെ അഭ്യർത്ഥനയോടുകൂടി കുർബാന തുടരുന്നു.*

*കുർബാനയില്ലെങ്കിൽ സമാപന പ്രാർത്ഥനകൾ ചൊല്ലുന്നു. മെത്രാൻ അംശവടിയും മുടിയും ധരിക്കുന്നു.*

Commission for Liturgy

## സമാപനപ്രാർത്ഥനകൾ

മെത്രാൻ : ഞങ്ങളുടെ കർത്താവായ ദൈവമേ, സ്വർഗ്ഗവാസികളിൽനിന്നു സ്തുതിയും, ഭൂവാസികളിൽനിന്നു പുകഴ്ചയും ആകാശത്തിലും ഭൂമിയിലും അങ്ങു സൃഷ്ടിച്ച എല്ലാറ്റിലുംനിന്ന് ആരാധനയും മഹത്വവും അങ്ങേക്കുണ്ടാകട്ടെ. ഞങ്ങളുടെ ആയുസ്സിനു കാരണഭൂതനും ഞങ്ങളുടെ വംശത്തെ സമ്പന്നമാക്കുന്നവനും അങ്ങാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. : ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമേ.

മെത്രാൻ : ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, ഞങ്ങളുടെ ജീവിതകാലം മുഴുവൻ നിർമ്മലതയോടും വിശുദ്ധിയോടുംകൂടി അങ്ങയുടെ മുമ്പാകെ ശുശ്രൂഷ ചെയ്യുവാൻ ഞങ്ങളുടെ മനസ്സാക്ഷിയെ പവിത്രീകരിക്കുകയും ബലഹീനരായ ഞങ്ങളെ ശക്തിപ്പെടുത്തുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. : ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമേ.

കാർമ്മി : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, *(സമൂഹവും ചേർന്ന് ചൊല്ലുന്നു)* ......

*താഴെ വരുന്ന പ്രാർത്ഥനകൾ സഹകാർമ്മികന്മാർ മാറിമാറി ചൊല്ലുന്നു.*

## സഹായപ്രാർത്ഥന

സഹ : കർത്താവേ, സകല വിശുദ്ധരുടെയും അപേക്ഷകളാൽ

കാർമ്മികൻ സകല നന്മയും കൃപയും നിറഞ്ഞ അങ്ങയുടെ വിശുദ്ധ ഭവനത്തിൽനിന്ന് അങ്ങയുടെ അനുഗ്രഹങ്ങളുടെയും കാരുണ്യത്തിന്റെയും സഹായവും, ആരാധ്യമായ ത്രിത്വത്തിന്റെ നിഗൂഢവും സ്തുത്യർഹവുമായ ശക്തിയും, ബലഹീനരായ അങ്ങയുടെ ആരാധകരുടെമേൽ ചൊരിയണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. : ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമേ.

Commission for Liturgy

## കന്യകാമറിയത്തിന്റെ

സഹ : കാർമ്മികൻ  കർത്താവേ, വിജയശ്രീലാളിതമായ കുരിശിന്റെ ശക്തിയും ദിവ്യസഹായവും ഞങ്ങൾക്കു ലഭിക്കുമാറാകട്ടെ. പരിശുദ്ധ കന്യകയും അനുഗൃഹീതമാതാവും കൃപാവരപൂർണ്ണയും ഭാഗ്യവതിയുമായ മറിയത്തിന്റെ പ്രാർത്ഥനയും, നീതിമാനായ മാർ യൗസേപ്പിന്റെയും സ്നാപകയോഹന്നാന്റെയും അപേക്ഷയും എപ്പോഴും ഞങ്ങൾക്ക് സഹായകമായിരിക്കട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. : ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമേ.

## ശ്ലീഹന്മാരുടെ

സഹ : കാർമ്മികൻ  വി. ശ്ലീഹന്മാരുടെയും സുവിശേഷകന്മാരുടെയും പ്രാർത്ഥനകളും, സൃഷ്ടിയിൽ സമാധാനം വിതയ്ക്കുന്നവരും നീതിയുടെയും വിശുദ്ധിയുടെയും പ്രഘോഷകരുമായ വിശ്രുത യോദ്ധാക്കളുടെ യാചനകളും നിരന്തരം നമ്മോടുകൂടി ഉണ്ടായിരിക്കട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. : ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമേ.

## വി. തോമാശ്ലീഹായുടെ

സഹ : കാർമ്മികൻ  ഭാരതത്തിന്റെ അപ്പസ്തോലനും ഞങ്ങളുടെ പിതാവുമായ മാർ തോമാശ്ലീഹായുടെ വിശ്വാസതീക്ഷ്ണതയും പ്രേഷിതചൈതന്യവും ഞങ്ങളെ നിരന്തരം പ്രചോദിപ്പിക്കട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. : ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമേ.

Commission for Liturgy

## വിശുദ്ധരുടെ

സഹ : കാർമ്മികൻ പ്രഥമ വേദസാക്ഷിയായ മാർ എസ്തപ്പാനോസിന്റെയും, പൗരസ്ത്യഗുരുക്കന്മാരായ മാർ അദ്ദായിയുടെയും മാർ മാറിയുടെയും, മാർ യാക്കോബിന്റെയും മാർ ഗീവർഗീസിന്റെയും മാർ കുര്യാക്കോസിന്റെയും മറ്റു വേദസാക്ഷികളുടെയും, മാർ അപ്രേമിന്റെയും മറ്റു മല്പാൻമാരുടെയും, സകല വിശുദ്ധരുടെയും, ഞങ്ങളുടെ സഭയിലെ വാഴ്ത്തപ്പെട്ടവരുടെയും മധ്യസ്ഥതയും പ്രാർത്ഥനയും ഞങ്ങളെ സഹായിക്കുമാറാകട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ. : ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമേ.

## സമാപനാശീർവാദം

മെത്രാൻ : അഗ്നിമയന്മാരും അരൂപികളുമായ സ്വർഗ്ഗീയ സൈന്യങ്ങളാൽ ശുശ്രൂഷിക്കപ്പെടുന്നവനും ഭൂവാസികളാൽ ആരാധിക്കപ്പെടുന്നവനും സ്തുതിക്കപ്പെടുന്നവനുമായ കർത്താവേ, അവർണ്ണനീയമായ അങ്ങയുടെ അനുഗ്രഹത്താലും അപരിമേയമായ നന്മയാലും, എസ്തപ്പാനോസിനെയും കൂട്ടരെയും എന്നതുപോലെ, വിനയപൂർവം അങ്ങേക്കു ശുശ്രൂഷചെയ്യുവാൻ വേണ്ടി വേർതിരിക്കപ്പെട്ട ഈ ദാസന്റെ (ദാസന്മാരുടെ)മേൽ കൃപ ചൊരിയണമേ. ജീവിതകാലം മുഴുവൻ സഭയിൽ ശുശ്രൂഷ ചെയ്ത് ഈ ആൾ (ഇവർ) അങ്ങയെ പ്രീതിപ്പെടുത്തുവാൻ ഇടയാകട്ടെ. ഇന്നത്തെ തിരുക്കർമ്മങ്ങളിൽ പങ്കെടുത്ത എല്ലാവരെയും നല്ലവനായ ദൈവം കൃപാവരങ്ങൾകൊണ്ടുനിറയ്ക്കട്ടെ. *(ആശീർവദിച്ചുകൊണ്ട്)* ഇപ്പോഴും എപ്പോഴും ✠ എന്നേക്കും.

സമൂ. : ആമ്മേൻ.

Commission for Liturgy